# കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്

(THE FIRST MASJID IN INDIA)

Website : www.cheramanmosque.com | www.cheramanjumamasjid.com
E-Mail: info@cheramanmosque.com | cheramanmasjid@gmail.com

Phone: 0480 - 2803170

## മഹല്ല് പൊതുയോഗം 2012

03.06.2012 ഞായറാഴ്ച രാവിലെ 9 മണിക്ക്
ചേരമാൻ ഓർഫനേജ് ഹാളിൽ



### നോട്ടീസ്

السلام عليكم

മാന്യരെ,

കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ തെരഞ്ഞെടുപ്പ് പൊതുയോഗം 03.06.2012 ഞായറാഴ്ച രാവിലെ 9 മണിക്ക് ചേരമാൻ ഓർഫനേജ് ഹാളിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. താങ്കളും കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷമെമ്പർമാരും യോഗത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു.

പൊതുയോഗത്തിന് വരുമ്പോൾ ചർച്ചകൾക്കായി ഈ റിപ്പോർട്ട്ബുക്ക് കൊണ്ടുവരേണ്ടതാണ്.

എന്ന്,
എസ്.എ. അബ്ദുൽ കയ്യൂം (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് ഭരണസമിതി

10-05-2012
കൊടുങ്ങല്ലൂർ

# ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. | ജനാബ്. **ഡോ. പി.എ. മുഹമ്മദ് സഈദ്** | പ്രസിഡന്റ് |
| 2. | ജനാബ്. **യു.എ. സെയ്തു മുഹമ്മദ്** | വൈ: പ്രസിഡന്റ് |
| 3. | ജനാബ്. **എസ്.എ. അബ്ദുൽ കയ്യൂം** | സെക്രട്ടറി |
| 4. | ജനാബ്. **പി.എസ്. മുഹമ്മദ് റഷീദ്** | ജോ. സെക്രട്ടറി |
| 5. | ജനാബ്. **എ.കെ.കെ. നയന (മുത്തു)** | ട്രഷറർ |
| 6. | ജനാബ്. **എ.എ. ഹനീഫ** | കമ്മറ്റി മെമ്പർ |
| 7. | ജനാബ്. **വി.വി. ജലീൽ** | കമ്മറ്റി മെമ്പർ |
| 8. | ജനാബ്. **പി.എ. അബു.** | കമ്മറ്റി മെമ്പർ |
| 9. | ജനാബ്. **കെ.എ. അമീർ അലി** | കമ്മറ്റി മെമ്പർ |
| 10. | ജനാബ്. **കെ.കെ. ഇബ്രാഹിം മാസ്റ്റർ** | കമ്മറ്റി മെമ്പർ |
| 11. | ജനാബ്. **കെ.എ. അബ്ദുൽ കരീം** | കമ്മറ്റി മെമ്പർ |
| 12. | ജനാബ്. **ടി.എ. ഹൈദർ അലി** | കമ്മറ്റി മെമ്പർ |
| 13. | ജനാബ്. **ടി.എ. സിദ്ധീഖ്** | കമ്മറ്റി മെമ്പർ |
| 14. | ജനാബ്. **എ.എ. സെയ്തുമുഹമ്മദ്** | കമ്മറ്റി മെമ്പർ |
| 15. | ജനാബ്. **കെ.എം. അബ്ദുൽ റഹിമാൻ** | കമ്മറ്റി മെമ്പർ |

ഓഡിറ്റേഴ്സ്

**ജനാബ്. എൻ.എ. അലി**

**ജനാബ്. സി.എ. അബ്ദുൽ റഷീദ്**

മുഖ്യ വരണാധികാരി

**ജനാബ് ഡോ: എ.എ. മുഹമ്മദ് സഈദ്**

സഹവരണാധികാരി

**ജനാബ് അബ്ദുൽ കരീം താനത്തുപറമ്പിൽ**

## മഹല്ല് ഭരണസമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച അറിയിപ്പ്

2012-2014 കാലയളവിലെ മഹല്ല് ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആഗ്രഹിക്കുന്ന മഹല്ല് അംഗങ്ങൾ ഭരണഘടന 4 : 2 പ്രകാരം നാമനിർദ്ദേശപത്രിക ഓഫീസിൽ നിന്നും വാങ്ങി യഥാവിധി പൂരിപ്പിച്ച് മഹല്ല് പൊതുയോഗത്തിൽ വരണാധികാരം വശം നൽകേണ്ട താണ്. നാമനിർദ്ദേശപത്രിക 31-05-2012 വ്യാഴാഴ്ച വൈകീട്ട് 5 മണിക്ക് മുമ്പായി വാങ്ങിയിരി ക്കേണ്ടതാണ്. അതിന് ശേഷം പത്രിക വിതരണം ഉണ്ടായിരിക്കുന്നതല്ല.

എന്ന്,

| | |
|---|---|
| സഹവരണാധികാരി | മുഖ്യ വരണാധികാരി |
| **ജനാബ് അബ്ദുൽ കരീം താനത്തുപറമ്പിൽ (ഒപ്പ്)** | **ജനാബ് ഡോ: എ.എ. മുഹമ്മദ് സഈദ് (ഒപ്പ്)** |

# കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. ഉപക്രമം
4. പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക് (2011-2012) അവതരിപ്പിച്ച് പാസാക്കൽ
5. ചോദ്യങ്ങൾ - പ്രമേയങ്ങൾ
6. 2012-2013 ലേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കൽ
7. വടക്കേപറമ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ-അൽബറാക്കയുമായുള്ള ചർച്ച
8. 2012-2015 കാലയളവിലേക്കുള്ള മഹല്ല് വരണാധികാരികളെ തെരഞ്ഞെടുക്കൽ
9. 2012-2014 വർഷ കാലയളവിലേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുക്കൽ
10. അദ്ധ്യക്ഷൻ അനുവദിക്കുന്ന കാര്യങ്ങൾ
11. ഉപസംഹാരം
12. നന്ദി

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി

**ചോദ്യങ്ങൾ പ്രമേയങ്ങൾ തുടങ്ങിയവ 25.05.2012 -ന് വൈകീട്ട് 5 മണിക്ക് മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷമുള്ള ചോദ്യങ്ങളും പ്രമേയങ്ങളും സ്വീകാര്യമല്ല.**

---

**കണക്കുകൾ സംബന്ധിച്ച ചോദ്യങ്ങൾ മുൻകൂട്ടി എഴുതി സമർപ്പിച്ചാൽ മാത്രമെ മറുപടി തയ്യാറാക്കി നൽകാൻ കഴിയുകയുള്ളു.**

# പ്രവർത്തന റിപ്പോർട്ട് 2011-2012

പ്രിയരെ, അസ്സലാമുഅലൈക്കും

ചേരമാൻ മഹല്ല് ഒരിക്കൽ കൂടി ഒരു തെരഞ്ഞെടുപ്പ് പൊതുയോഗത്തെ അഭിമുഖീകരിക്കുകയാണ്. മഹല്ലിന്റെ സർവ്വതോന്മുഖമായ വളർച്ചക്കും, മഹല്ല് സ്വത്തുക്കളുടെ സംരക്ഷണത്തിനും പര്യാപ്തമായ കഴിവും പ്രവർത്തനശേഷിയുമുള്ള ജീവസുറ്റ ഒരു ഭരണസമിതിയെ മഹല്ലിന് ഇനിയും ലഭിക്കട്ടെയെന്ന് ദുആ ചെയ്യുന്നു.

വർഷം തോറും നാം നടത്തുന്ന പൊതുയോഗങ്ങൾ മഹല്ലിന്റെ സമഗ്രമായ വികസനത്തിനുതകുന്ന ക്രിയാത്മക ചർച്ചകൾകൊണ്ട് സജീവമാണ്. വമ്പിച്ച ജന പങ്കാളിത്തത്തിന്റെ പോരായ്മ ഉണ്ടെങ്കിലും ഒട്ടനവധി നല്ല തീരുമാനങ്ങൾ കൈകൊള്ളുവാൻ നമ്മുടെ പൊതുയോഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ശാന്തവും, മൂർത്തവുമായ ചർച്ചകൾ ഇപ്പോൾ നമ്മുടെ പൊതുയോഗത്തിന്റെ സവിശേഷതയാണ്. പതിനഞ്ച് വർഷങ്ങൾ ഈ മഹല്ലിന്റെ സാരഥ്യം വഹിക്കാൻ കഴിഞ്ഞതിൽ കമ്മറ്റി സർവ്വശക്തനോട് നന്ദിപറയുന്നു. മഹല്ലിന്റെ പുരോഗതിക്ക് ആവുന്നതും ചെയ്യാൻ ശ്രമിച്ചിട്ടുള്ളതും, ആയതിനെല്ലാം പ്രബുദ്ധമായ മഹല്ല് നിവാസികളുടെ അളവില്ലാത്ത പിന്തുണയും ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളതുമാണ്. മുന്നോട്ട് വെക്കുന്ന പദ്ധതികൾ ആരുടേതാണ് എന്നതല്ല, എന്താണ് പദ്ധതി എന്നായിരുന്നു ഇക്കാലയളവിലെല്ലാം തന്നെ നമ്മുടെ ചർച്ചക്കാധാരം.

റിപ്പോർട്ട് വർഷത്തിൽ 41 മഹല്ല് കമ്മറ്റിയോഗങ്ങളും 6 എക്സിക്യൂട്ടീവ് കമ്മറ്റി യോഗങ്ങളും ചേർന്നിട്ടുണ്ട്. മഹല്ല് ഭരണ ഘടന അനുശാസിക്കുന്നതുപോലെ കമ്മറ്റികൾക്കിടയിലെ ദൈർഘ്യം പാലിച്ചും, അത്യാവശ്യ ഘട്ടങ്ങളിൽ അടിയന്തിരയോഗങ്ങൾ വിളിച്ചും കമ്മറ്റി തീരുമാനമെടുക്കുന്നുണ്ട്. മഹല്ലിന്റെ പരിപാലനത്തോടൊപ്പം സാമുദായിക കൂട്ടായ്മക്കും മഹല്ല് കമ്മറ്റി ഊന്നൽ കൊടുക്കുന്നുണ്ട്. വ്യത്യസ്ത ജനവിഭാഗങ്ങൾ സമാധാനത്തോടെ കഴിയുന്ന നമ്മുടെ നാടിന്റെ മതേതര പാരമ്പര്യത്തിനും കാഴ്ചപ്പാടിനും ചരിത്രപരമായ നേതൃത്വം വഹിക്കാൻ മഹല്ലിനായിട്ടുണ്ട്.

മഹല്ല് അംഗങ്ങളുടെ കുടുംബ പ്രശ്നങ്ങൾ, മഹല്ല് അംഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിന് കമ്മറ്റിയുടെ സഹായം ആവശ്യമായി വരുന്ന ഘട്ടങ്ങളിലെല്ലാം സജീവമായി ഇടപെട്ട് പ്രശ്ന പരിഹാരത്തിന് ശ്രമിക്കാനും കമ്മറ്റിക്കായിട്ടുണ്ട്. ദൈനംദിന കണക്കുകളുടെ കൈകാര്യം മാത്രമല്ല ഒരു ഭരണസമിതിയുടെ ചുമതലയെന്നും സമുദായത്തിന്റെ സമസ്ത മേഖലകളെയും ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ഇടപെടേണ്ടതും, മഹല്ല് അംഗങ്ങൾക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും ചേയ്യേണ്ടതുകൂടിയാണ് മഹല്ല് കമ്മറ്റിയുടെ ബാധ്യത എന്നത് ഞങ്ങളുടെ പ്രവർത്തന മേഖലയെ വിപുലപ്പെടുത്തിയിട്ടുണ്ട്. എങ്കിലും പല അടിസ്ഥാന പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ നമുക്ക് സംഭവിച്ചിട്ടുള്ള പരാജയവും കമ്മറ്റി ഉൽകണ്ഠയോടെ കാണുന്നുണ്ട്. ദീനി-ഭൗതിക വിദ്യാഭ്യാസരംഗത്തും പരമാവധി ശ്രമങ്ങൾ നാം നടത്തിയിട്ടുണ്ടെങ്കിലും അതിൽ നിന്നും ലഭിച്ച ഫലം പരിമിതമാണെന്നതും ഞങ്ങൾ വിലയിരുത്തുന്നു.

മഹല്ല് കമ്മറ്റിയുടെ പ്രവർത്തനങ്ങളിൽ മുഴുവൻ വിശ്വാസമർപ്പിക്കുന്നതോടൊപ്പം കമ്മറ്റിയുടെ പോരായ്മകളെ ഉയർത്തികാട്ടാനും, തീരുമാനങ്ങളിലെ അപാകതകൾ പറഞ്ഞ്

ബോദ്ധ്യപ്പെടുത്തി തിരുത്താനും, നമ്മുടെ മഹല്ലിന് കഴിയുന്നു എന്നത് ഞങ്ങളെ കൂടുതൽ കർമ്മോത്സുകരാക്കിയിട്ടുണ്ട്.

## 1. മദ്രസ്സ പ്രവർത്തനങ്ങൾ, ദീനി ബോധനങ്ങൾ

മഹല്ല് കമ്മറ്റിയുടെ നിയന്ത്രണത്തിലും ഉടമസ്ഥതയിലുമുള്ള 7 മദ്രസ്സകളിൽ 312 കുട്ടികളാണ് ഈ റിപ്പോർട്ട് വർഷം പഠിക്കുന്നത്. 11 അദ്ധ്യാപകരും മദ്രസ്സകളിൽ ജോലി ചെയ്യുന്നുണ്ട്. കേന്ദ്ര മദ്രസ്സയായ തബ്ശീറുൽ ഇസ്ലാം മദ്രസ്സ 10-ാം ക്ലാസ് വരെയുള്ള ഹയർ സെക്കന്ററി മദ്രസ്സയായും, ബാക്കി 6 മദ്രസ്സകളിൽ 5-ാം ക്ലാസ് വരെയുള്ള പഠനവും നടക്കുന്നുണ്ട്. മദ്രസ്സകളുടെ പ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് മഹല്ല് ഇമാമും മഹല്ല് കമ്മറ്റി അംഗങ്ങളും മദ്രസ്സ സന്ദർശിച്ച് കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. മഹല്ല് ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ മദ്രസ്സ പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി ചർച്ച ചെയ്ത് മഹല്ല് കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്മറ്റി ആവശ്യമായ കാര്യങ്ങൾ ഓരോ മദ്രസ്സക്കും ചെയ്തുവരുന്നുണ്ട്. കൂടാതെ ഓരോ പ്രദേശത്തെയും പ്രതിനിധീകരിക്കുന്ന മഹല്ല് കമ്മറ്റി അംഗങ്ങളും മദ്രസ്സകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ആവശ്യമായ ശ്രദ്ധ ചെലുത്തുന്നുമുണ്ട്. ഓരോ മദ്രസ്സകളുടെയും സമീപ പ്രദേശത്തെ കുട്ടികൾ മദ്രസ്സകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, മദ്രസ്സകളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് തടയുന്നതിനും മഹല്ല് ഇമാമുമാരുടെ നേതൃത്വത്തിൽ സബ്ബ് കമ്മറ്റി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. മദ്രസ്സകൾ കേന്ദ്രീകരിച്ച് നടന്നുവരുന്ന ഖുർആൻ ക്ലാസ്സുകളിലേക്കും പരിസര വാസികളെ ക്ഷണിക്കുന്നതിന് ഈ ഉപസമിതിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. അദ്ധ്യാപനത്തിലെ നൂതനമായ രീതികൾ അദ്ധ്യാപകർക്ക് പരിചയപ്പെടുത്തുന്നതിനുള്ള പ്രതിമാസ പരിശീലന ക്ലാസുകളും അദ്ധ്യാപകർക്ക് സമസ്ത നൽകി വരുന്നുണ്ട്.

വിവിധ പ്രദേശങ്ങളിൽ നടന്ന രക്ഷകർതൃ യോഗങ്ങളുടെ അഭ്യർത്ഥന പ്രകാരവും, സ്റ്റാഫ് യോഗത്തിന്റെ ശുപാർശ പ്രകാരവും കഴിഞ്ഞ മധ്യവേനലവധിയിൽ മദ്രസ്സ വിദ്യാർത്ഥികൾക്ക് പഠന-വിനോദ യാത്ര സംഘടിപ്പിക്കുകയുണ്ടായി. ഇതുവരെ ഇപ്രകാരം നമ്മുടെ മഹല്ലിൽ നിന്ന് പഠനയാത്രയോ, ഉല്ലാസ യാത്രയോ സംഘടിപ്പിച്ചിട്ടില്ലാത്തതിനാൽ കുട്ടികളെ സംബന്ധിച്ചിടത്തോളം യാത്ര പുതിയൊരനുഭവമായിരുന്നു.

മുൻവർഷങ്ങളിൽ നിന്നും തികച്ചും വിഭിന്നമായി ഈ വർഷം ആകർഷകമായ രീതിയിൽ മദ്രസ്സകളിൽ നബിദിനാഘോഷം സംഘടിപ്പിക്കുകയുണ്ടായി. ഓരോ മദ്രസ്സകളും അവയുടെ പരമാവധി കഴിവുകൾ ഉപയോഗപ്പെടുത്തി വിപുലമായ തോതിലാണ് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. കുട്ടികളുടെ കലാപരിപാടികൾക്ക് പുറമെ മീലാദ് സമ്മേളനങ്ങളും, മതബോധന സദസ്സുകളും പരിപാടിക്ക് മാറ്റുകൂട്ടി. മഹല്ല് കേന്ദ്രീകരിച്ച് കുട്ടികൾക്ക് മത്സരപരിപാടികൾ സംഘടിപ്പിക്കുകയും, വിജയികളായ വിദ്യാർത്ഥികളെ റേഞ്ച്തല കലാമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് വേണ്ടി അദ്ധ്യാപകർ തീവ്രപരിശീലനം നൽകിയിരുന്നതുമാണ്. ചേരമാൻ ജുമാമസ്ജിദ് മഹല്ലിന്റെ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം കൂടി എഴുതിചേർത്തിട്ടാണ് ഈ വർഷത്തെ മീലാദാഘോഷം കടന്നുപോയത്. കലാ സാംസ്കാരിക രംഗത്ത് ഏറെ പിന്നിലായിരുന്ന നമ്മുടെ മദ്രസ്സകൾക്ക് പ്രതീക്ഷയുടെ തിളക്കം സമ്മാനിച്ച് അഞ്ചപ്പാലം നൂറുൽ ഇസ്ലാം മദ്രസ്സയിലെ 5-ാം തരം വിദ്യാർത്ഥി **ഫയാദ് മുഹമ്മദ്** ഈ വർഷത്തെ സമസ്ത മീറ്റിൽ തൃശൂർ റവന്യൂ ജില്ലയിൽ നിന്ന് മലയാള

പ്രസംഗം, കഥാപ്രസംഗം എന്നിവയിൽ എ ഗ്രേഡോടെ 1-ാം സ്ഥാനം നേടി, സ്റ്റേറ്റ് മീറ്റിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത നേടിയ സന്തോഷവാർത്ത മഹല്ല് അംഗങ്ങളെ അറിയിക്കട്ടെ. നമ്മുടെ മഹല്ലിന് ഏറെ പ്രതീക്ഷ നൽകുന്ന ഈ കുരുന്ന് പ്രതിഭയ്ക്ക് ഉയരങ്ങൾ കീഴടക്കാനുള്ള അനുഗ്രഹം സർവ്വശക്തൻ നൽകട്ടെയെന്ന് ദുആ ചെയ്യുന്നു. കലാസാഹിത്യ മത്സരങ്ങളിൽ കുട്ടികളുടെ കഴിവുകൾ ഇപ്പോൾ കൂടുതൽ പ്രകടമായി കാണാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ അദ്ധ്യാപകർക്കുള്ള നിസ്തുലമായ പങ്ക് അഭിനന്ദനീയവുമാണ്. മദ്രസ്സകൾ കേന്ദ്രീകരിച്ച് രൂപം കൊള്ളുന്ന കൂട്ടായ്മകൾ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിൽ മഹല്ല് കമ്മറ്റിക്ക് സന്തോഷമുണ്ട്. മുൻപ് അദ്ധ്യാപക രക്ഷാകർത്തൃയോഗങ്ങൾ വിളിച്ച് ചേർക്കുമ്പോൾ എത്തിച്ചേരാൻ വിമുഖത കാട്ടിയിരുന്ന സംസ്കാരം മാറുകയും മദ്രസ വിദ്യാഭ്യാസം, മസ്ജിദ് പരിപാലനം, ദീനി പ്രവർത്തനങ്ങൾ എന്നിവയിൽ പ്രദേശവാസികൾ കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇത് തുടർന്നും വീഴ്ച കൂടാതെ നിലനിൽക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മദ്രസ്സകളിൽ നടന്നു വരുന്ന ഖുർആൻ ക്ലാസ്സ് ചിലയിടങ്ങളിൽ സജീവമല്ലാത്തതിനാൽ കമ്മറ്റിക്ക് ഖേദമുണ്ട്. ഖുർആൻ ക്ലാസ്സുകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പുതുതായി രൂപം നൽകിയിട്ടുള്ള സബ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾകൊണ്ട് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പലയിടങ്ങളിലും മിലാദ്, വുളുഹിയത്ത് എന്നീ കാര്യങ്ങൾക്ക് പ്രദേശവാസികൾ കൂടുതൽ താല്പര്യം കാണിച്ച് മാതൃകയാകുന്നുണ്ടെങ്കിലും ഖുർആൻക്ലാസ്സ്, നമസ്കാരത്തിലേക്ക് ക്ഷണിക്കൽ തുടങ്ങിയ കാര്യങ്ങളിൽ കൂടി ശ്രദ്ധ ചെലുത്തുകയാണെങ്കിൽ കൂടുതൽ പേരെ പള്ളിയുമായി അടുപ്പിക്കാൻ കഴിയുമായിരുന്നു. മേൽ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ പ്രാദേശിക മദ്രസ്സ അദ്ധ്യാപകരോട് നിർദ്ദേശിച്ചിട്ടുമുണ്ട്.

മഹല്ല് ജീവനക്കാരുടെ ശമ്പളം ഈ വർഷം ഗണ്യമായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ജീവനക്കാർക്ക് ഭക്ഷണം നൽകുന്നിന് മഹല്ലിൽ പ്രവർത്തിച്ചുവരുന്ന മെസ് കൂടുതൽ വിപുലമാക്കുകയും പാർട്ട് ടൈം അല്ലാത്ത മുഴുവൻ ജീവനക്കാർക്കും ഭക്ഷണം കഴിക്കാവുന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രാദേശിക മദ്രസ്സകളിൽ കാലങ്ങളായി അദ്ധ്യാപകർക്ക് വീടുകളിൽ നിന്നും ഭക്ഷണം എത്തിക്കുന്ന പതിവ് കമ്മറ്റി നിർത്തലാക്കിയിട്ടുണ്ട്. ഭക്ഷണം എത്തിക്കുന്നതിന് ആളില്ലാത്ത അവസ്ഥ വരികയും, ചില വീടുകളിൽ നിന്നും ഭക്ഷണം നൽകാൻ വിമുഖത കാണിക്കുകയും ചെയ്യുന്നതിനാൽ പലപ്പോഴും യഥാസമയങ്ങളിൽ മദ്രസ്സ ജീവനക്കാർക്ക് ഭക്ഷണം ലഭിക്കുന്നില്ലെന്ന പരാതി നിലനിൽക്കുന്നത് ഒഴിവാക്കാനാണ് മഹല്ലിൽ നിന്നും ഭക്ഷണം നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ ഭക്ഷണത്തിന് പകരം മഹല്ലിൽ നിന്നും പണം പിരിക്കുന്നത് സംബന്ധിച്ച് വ്യാപകമായ പരാതികളും നിരന്തരം മഹല്ല് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെട്ടതിനാലും ഇപ്രകാരം തീരുമാനിക്കാൻ കാരണമായിട്ടുണ്ട്. **മഹല്ലിലെ എല്ലാ ജീവനക്കാർക്കും യഥാസമയങ്ങളിലുള്ള ഭക്ഷണം മഹല്ല് വക മെസിൽ നിന്നും ഇപ്പോൾ നൽകിവരുന്നതിനാൽ വീടുകളിൽ നിന്നും ഭക്ഷണം കൊണ്ടുവരുന്നത് മഹല്ല് കമ്മറ്റി നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്.**

മസ്ജിദിന്റെയും മദ്രസകളുടെയും അറ്റകുറ്റപണികളുൾപ്പെടെയുള്ള ആവശ്യങ്ങൾ യഥാസമയങ്ങളിൽതന്നെ ചെയ്തുവരുന്നുണ്ട്. ഓരോ മാസവും കൃത്യമായി കൂടുന്ന സ്റ്റാഫ് മീറ്റിംഗുകൾ ഓരോ മദ്രസ്സകളെ പറ്റിയും അവലോകനം ചെയ്ത് ആവശ്യങ്ങളും പോരായ്മകളും റിപ്പോർട്ടായി മഹല്ല് കമ്മറ്റിക്ക് സമർപ്പിക്കുകയും കമ്മറ്റി ആയത് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

മദ്രസ്സകൾക്കാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഉണ്ടെങ്കിലും ദീനി വിദ്യാഭ്യാസത്തിന്റെ പോരായ്മ മഹല്ല് ഏറെ അനുഭവിക്കുന്നുണ്ട്. മദ്രസ്സകൾക്ക് അടുത്ത് താമസിക്കുന്നവർ മാത്രമാണ് പതിവായി മദ്രസ്സയിൽ എത്തുന്നത്. അല്പം ദൂരെയുള്ള വിദ്യാർത്ഥികളാണ് കൊഴിഞ്ഞുപോകുന്നത്. ഭൗതിക പഠന രംഗത്ത് ഏറെ സമയം ചെലവഴിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് മദ്രസ്സപഠനം അപ്രാപ്യമാവുകയാണ്. ഇതിനൊരു പ്രതിവിധി കണ്ടെത്താൻ മാതാപിതാക്കൾക്കാകുന്നുമില്ല. മദ്രസ്സ പൊതുപരീക്ഷയിൽ ഈ വർഷം വളരെ മോശമായ ഫലമാണ് നമ്മുടെ മഹല്ലിലുണ്ടായിട്ടുള്ളത് എന്ന് പറയേണ്ടി വന്നതിൽ വളരെ ഖേദമുണ്ട്. മുൻവർഷങ്ങളിൽ അഭിമാനകരമായ വിജയം സമ്മാനിച്ച മദ്രസ്സകളിൽ 2011ലെ പൊതുപരീക്ഷയിൽ വളരെ പുറകിലേക്കായത് ആശങ്കയുളവാക്കുന്നതാണ്. അതോടൊപ്പം മഹല്ലിൽ ആദ്യമായി 10-ാം തരം എഴുതിയ തബ്ശീറുൽ ഇസ്‌ലാം മദസ്സ വിദ്യാർത്ഥി **കെ.ഐ. ഷിയാദ്** പ്രശസ്തമായ വിജയം കൈവരിച്ചതിലുള്ള ആഹ്ലാദവും അറിയിക്കട്ടെ. മദ്രസ്സ വിദ്യാഭ്യാസത്തിന് പുറമെ അറബി കോളേജിൽ പഠിക്കുന്ന മഹല്ല് അംഗങ്ങളായ 5 വിദ്യാർത്ഥികൾക്കുള്ള പഠനചെലവും മഹല്ല് നൽകിവരുന്നുണ്ട്. ദർസിന്റെ അപര്യാപ്തത പലപ്പോഴും മഹല്ലിൽ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടെങ്കിലും മഹല്ല് അംഗങ്ങളായ കുട്ടികൾ ഉയർന്ന ദീനി പഠന രംഗത്തേക്ക് കടന്ന് വരുന്നില്ല എന്ന്കൂടി നാം മനസ്സിലാക്കേണ്ടതാണ്. അതോടൊപ്പം ഏത് സർവ്വകലാശാലയിൽ നിന്നും ദീൻ പഠിക്കാനുള്ള എല്ലാ ചെലവുകളും മഹല്ലിൽ നിന്ന് നൽകുന്നതിനും നാം തയ്യാറായിട്ടും നിലവിലുള്ള കുട്ടികൾക്ക് പുറമെ പുതിയ കുട്ടികളൊന്നും ഈ രംഗത്തേക്ക് കടന്ന് വരുന്നില്ല എന്നതും നാം കൂട്ടിവായിക്കേണ്ടതാണ്.

ഭൗതിക വിദ്യാഭ്യാസരംഗത്തും മുൻവർഷത്തിലേതുപോലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. +2 കോഴ്സിന് പഠിക്കുന്ന 16 വിദ്യാർത്ഥികൾക്കും, 14 ഡിഗ്രി വിദ്യാർത്ഥികൾക്കും, 5 ഐ.ടി.ഐ. വിദ്യാർത്ഥികൾക്കും ഈ വർഷം പ്രതിമാസ പഠനസഹായം നൽകുന്നുണ്ട്. കൂടാതെ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 9 വിദ്യാർത്ഥികൾക്കും നമ്മുടെ പരിമിതികളിൽ നിന്നുള്ള സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇപ്പോൾ മഹല്ലിൽ നിന്നും ധനസഹായം കൈപറ്റുന്ന 2 മെഡിക്കൽ വിദ്യാർത്ഥികളും 7 എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുമാണുള്ളത്. കൂടാതെ മഹല്ലിന്റെ സാമ്പത്തിക സഹായം കൈപ്പറ്റാതെ പഠിക്കുന്ന നിരവധി മിടുക്കരായ പ്രൊഫഷണൽ വിദ്യാർത്ഥികളും നമ്മുടെ മഹല്ലിലുണ്ടെന്നത് സന്തോഷകരമാണ്. വിദ്യാഭ്യാസത്തിലും, സർക്കാർ സർവ്വീസുകളിലും ഏറെ പിന്തള്ളപ്പെട്ട നമ്മുടെ സമുദായത്തിന് ഇവരിലൂടെ മുന്നേറ്റമുണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. കഴിഞ്ഞ എസ്.എസ്.എൽ.സി., +2, ഡിഗ്രി കോഴ്സുകൾക്ക് മഹല്ലിൽ നിന്നും ഉയർന്ന മാർക്ക് വാങ്ങി പാസായ വിദ്യാർത്ഥികൾക്ക് ഇഫ്ത്വാർ വിരുന്നിൽ വെച്ച് മഹല്ലിന്റെ അവാർഡ് നൽകി ആദരിക്കുകയുണ്ടായി. ഒപ്പം കഴിഞ്ഞ മദ്രസ്സ പൊതു പരീക്ഷയിൽ 5, 7, 10 ക്ലാസുകളിൽ കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്കും ഇഫ്ത്വാർ വിരുന്നിൽ വെച്ച് മഹല്ലിന്റെ ആദരം നൽകുകയുണ്ടായി. മറ്റു കുട്ടികൾക്ക് ഇത് പ്രചോദന മാകുമെന്ന് നമുക്ക് വിശ്വാസിക്കാം.

## നിർമ്മാണ പ്രവർത്തനങ്ങൾ

1. കോട്ടപ്പുറം മസ്ജിദ്

ഈ റിപ്പോർട്ട് വർഷത്തിൽ നടന്ന പ്രധാന നിർമ്മാണ പ്രവർത്തനം കോട്ടപ്പുറം മസ്ജിദിന്റെ പുനരുദ്ധാരണമാണ്. മസ്ജിദിന്റെ ചോർച്ച മാറ്റുക എന്ന ഉദ്ദേശത്തോടെയാണ് പണി

കൾ ആരംഭിച്ചത്. തുടർന്ന് പുതിയ മിമ്പർ, മിഅ്റാബ് എന്നിവ സ്ഥാപിക്കുകയും ചോർച്ച തടയാൻ ട്രസ്സ് വർക്ക് ചെയ്യുകയും മുറ്റം ടൈൽ വിരിക്കുകയും പഴയ ചുറ്റുമതിൽ നീക്കം ചെയ്ത് പുതിയ മതിൽ നിർമ്മിച്ച് ഗെയിറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പെയിന്റിംങ് ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ മസ്ജിദിൽ ജുമുഅ നമസ്ക്കാരാവശ്യത്തിനുള്ള സ്ഥലസൗകര്യങ്ങൾ നിലവിലുണ്ട്. കൂടാതെ മസ്ജിദ് കൂടുതൽ മനോഹരമാക്കുകയും ചെയ്തിട്ടുണ്ട്. വുളു എടുക്കുന്നതിൽ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുകയും, പുതിയ ഡ്രൈനേജ് സ്ഥാപിക്കുകയും, വുളു എടുക്കുന്ന സ്ഥലങ്ങളിൽ ടൈൽ ഒട്ടിച്ച് മോടി കൂട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ പഴയ ജനലകൾ നീക്കം ചെയ്ത് പുതിയത് സ്ഥാപിക്കുകയും പുതിയ സൗണ്ട് സിസ്റ്റം വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കോട്ടപ്പുറം കായലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പള്ളിയും മദ്രസ്സയും ഒരുപാട് വികസന സാധ്യതകളുള്ളതാണ്. മുസ്രിസ് പദ്ധതിയുടെ പൂർത്തീകരണത്തോടെ ഈ പ്രദേശത്തിന് കൂടുതൽ പരിഗണന ലഭിക്കുകയും ആയത് നാം ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്. മഹല്ല് പൊതുയോഗം ഈ കാര്യം ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുമെന്ന് കരുതുന്നു. കോട്ടപ്പുറം നമസ്ക്കാരപ്പള്ളിയുടെ പുനരുദ്ധാരണത്തിനും, വികസനത്തിനും മേൽനോട്ടം വഹിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ കമ്മറ്റിയിൽ സമർപ്പിക്കുന്നതിനും പ്രദേശ വാസികൾ ശ്രദ്ധിച്ചിട്ടുണ്ട്. ഓരോ മസ്ജിദിന് ചുറ്റിലും ഇത്തരം ഒരു കൂട്ടായ്മ ഉണ്ടാകേണ്ടതും അത് നിലനിൽക്കേണ്ടതും മഹല്ലിനെ സംബന്ധിച്ച് അനിവാര്യമാണ്.

### 2. അഞ്ചപ്പാലം മസ്ജിദ്

അഞ്ചപ്പാലം മസ്ജിദിലെ നമസ്ക്കാര സൗകര്യത്തിന്റെ അപര്യാപ്തത നാളുകളായി മഹല്ല് കമ്മറ്റിയുടെ സജ്ജീവ പരിഗണനയിലുള്ളതാണ്. റമളാനിൽ പലപ്പോഴും രണ്ട് ഘട്ടങ്ങളിലായി ജമാഅത്ത് നിർവ്വഹിക്കേണ്ട നിസ്സഹായാവസ്ഥ നിലവിലുണ്ട്. സ്ഥലസൗകര്യങ്ങളുടെ കുറവ് വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായിരുന്നുവെങ്കിലും പ്രാദേശിക വാസികളുടെ കൂടി അഭിപ്രായവും നിർദ്ദേശവും അംഗീകരിച്ച് നിലവിലുള്ള പള്ളിയുടെ മുകളിൽ ട്രസ്സ് വർക്ക് ചെയ്തിട്ടുണ്ട്. ഇപ്പോൾ നമസ്ക്കാരത്തിന്, താഴെയുള്ളതുപോലുള്ള സൗകര്യങ്ങൾ മുകളിലും ഉണ്ട്. കൂടാതെ ടോയ്ലറ്റിന്റെ അറ്റകുറ്റപണികൾ നടത്തി കൂടുതൽ സൗകര്യങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. നിലവിലുള്ള സൗണ്ട് സിസ്റ്റം തകരാറുള്ളതിനാൽ പുതിയ സൗണ്ട് സിസ്റ്റം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

അഞ്ചപ്പാലം നമസ്ക്കാരപ്പള്ളിയുമായി ബന്ധപ്പെട്ട് പരിസരവാസികൾ നിർവ്വഹിക്കുന്ന ദീനി ബോധന പ്രവർത്തനങ്ങളിൽ മഹല്ല് കമ്മറ്റിക്ക് തികച്ചും അഭിമാനമുണ്ട്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് പ്രതിവാര ഖുർആൻ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, അതിലേക്ക് ജനങ്ങളെ എത്തിക്കാനും ശ്രമകരമായ ജോലികൾ വീഴ്ച കൂടാതെ ഇവർ ചെയ്ത് വരുന്നുണ്ട്. മീലാദാഘോഷം, നോമ്പ് തുറക്കൽ എന്നിവ പരിമിതികൾക്കുള്ളിൽ നിന്നാണെങ്കിലും ഭംഗിയായി നിർവ്വഹിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ നമസ്ക്കാരത്തിലേക്ക് ജനങ്ങളെ ക്ഷണിക്കാനും ഇവർ മുന്നിട്ടിറങ്ങുന്നുണ്ട്. ദീനി ബോധനം എന്താണെന്ന് നമ്മെ പഠിപ്പിക്കുന്ന ഇവർക്ക് സർവ്വശക്തൻ മതിയായ പ്രതിഫലം നൽകട്ടെയെന്നും, നേതൃത്വം നൽകുന്നവർക്ക് തുടർന്നും അതിന് മനസ്സുണ്ടാകട്ടെയെന്നും ദുആ ചെയ്യുന്നു, (ആമീൻ).

ലോകമലേശ്വരം, കടുക്കച്ചുവട് മദ്രസ്സകളിലും യഥാസമയങ്ങളിൽ ആവശ്യമായ അറ്റകുറ്റപണികൾ ചെയ്തു നൽകിയിട്ടുണ്ട്. ലോകമലേശ്വരം മദ്രസ്സയിലെ ടോയ്ലറ്റിലെ സിമന്റ്

തേപ്പുകൾ നീക്കം ചെയ്ത് പകരം ടൈൽ ഒട്ടിക്കുന്ന പണികൾ ആരംഭിച്ചിട്ടുണ്ട്. വി.പി. തുരുത്ത് മസ്ജിദിലേക്ക് പുതിയ ഇൻവെർട്ടർ & ബാറ്ററി സെറ്റും, സൗണ്ട് സിസ്റ്റവും വാങ്ങി നൽകിയിട്ടുണ്ട്. കടുക്കച്ചുവട്, ടി.കെ.എസ്.പുരം മസ്ജിദുകളിൽ പുതിയ ബോർവെല്ലും സ്ഥാപിച്ചിട്ടുണ്ട്.

മസ്ജിദിലെ വൈദ്യുതി ഉപയോഗത്തിന് നിലവിലുണ്ടായിരുന്ന 6 കെ.വി. ജനറേറ്റർ മതിയാകാത്തതിനാൽ പൊതുയോഗ തീരുമാനപ്രകാരം പുതിയ ജനറേറ്റർ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ജനറേറ്റർ സ്ഥാപിക്കുന്നതിന് ആകർഷകമായ ഷെഡ്ഡും നിർമ്മിച്ചിട്ടുണ്ട്. പള്ളിയിലെ പഴയ വയറിംഗുകളും ബോർഡുകളും നീക്കം ചെയ്ത് ആധുനിക വൈദ്യുതി സംവിധാനങ്ങൾ സ്ഥാപിക്കുകയും ആയതിന് ഉയർന്ന ഗുണനിലവാരമുള്ള കേബിളുകൾ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. മസ്ജിദും പരിസരവും മനോഹരമായി സൂക്ഷിക്കുന്നതിന് അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. പഴയ പള്ളിയുടെ ബീമുകൾക്കുണ്ടായിട്ടുള്ള ബലക്ഷയം പരിഹരിക്കുന്നതിന് സാധിച്ചിട്ടില്ല. സർക്കാർ ഏജൻസികളിൽ നിന്നുള്ള വിദഗ്ദ സഹായം ലഭിച്ചെങ്കിൽ മാത്രമേ ഇതു സാധ്യമാകൂ. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പുരാവസ്തു വകുപ്പുകൾ ആവശ്യമായ പഠനങ്ങൾ നടത്തിപോയിട്ടിണ്ടെങ്കിലും ഇതുവരെ മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ വകുപ്പുകളുടെ മെല്ലേപ്പോക്ക് നയം ഇവിടെയും സംഭവിച്ചിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിൽ കമ്മറ്റി ആവശ്യമായ ശ്രദ്ധ ചെലുത്തുകയും നിരന്തരമായി ബന്ധപ്പെട്ട വകുപ്പുകളെ സമീപിക്കുന്നുമുണ്ട്. ബീമുകൾക്ക് ആവശ്യമായ സപ്പോർട്ടിംഗ് നൽകി ബലപ്പെടുത്തുകയും മുകളിലേക്കുള്ള ജനങ്ങളുടെ പ്രവേശനം താല്ക്കാലികമായി തടഞ്ഞും കമ്മറ്റി മുൻകരുതലെടുത്തിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ നിന്നും ആവശ്യമായ സഹായം ലഭിച്ചില്ലെങ്കിൽ പോലും മസ്ജിദിന്റെ പുനരുദ്ധാരണ പ്രവർത്തികൾ നടക്കുമ്പോൾ ബീമുകളുടെ ബലക്ഷയം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ കമ്മറ്റി സ്വീകരിക്കുന്നതാണ്. മഹല്ല് കമ്മറ്റി ഓഫീസിന്റെ നവീകരണവും റിപ്പോർട്ട് വർഷത്തിൽ സാധിച്ചിട്ടില്ല. നമ്മുടെ മഹല്ലിന്റെ പ്രൗഢിക്കനുസരിച്ചുള്ള ഓഫീസ് സംവിധാനവും മിനി കോൺഫറൻസ് ഹാളും നിർമ്മിക്കണമെന്നാണ് കമ്മറ്റി തീരുമാനിച്ചിരുന്നത്. വരുംകാലകമ്മറ്റി ആവശ്യമായ മുൻഗണന നൽകി ഇക്കാര്യം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മസ്ജിദിന് മുൻവശം എൻ.എച്ച്.-17ലെ വെള്ളക്കെട്ട് കാലങ്ങളായി പരിഹരിക്കാൻ കഴിയാതെ കിടക്കുകയാണ്. ഓഫീസിന് മുൻവശവും തെക്കേപറമ്പിലും മഴവെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കാൻ പുതിയ ഡ്രൈനേജ് സംവിധാനത്തിന് വേണ്ടി കമ്മറ്റി കാലങ്ങളായി നിവേദനങ്ങൾ നൽകുന്നുണ്ടെങ്കിലും നടപടികളൊന്നും ഉണ്ടാകാറില്ല. ഈ സാഹചര്യം ബഹു. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് മസ്ജിദ് സന്ദർശിച്ച സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും മഹല്ല് കമ്മറ്റിയുടെ ആവശ്യം അടിയന്തിരമായി പരിഹരിച്ച് നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേഷൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നടപടികൾ ഇപ്പോഴും കടലാസിൽ ഒതുങ്ങിയിരിക്കുകയാണ്. ഇൻശാ അല്ലാഹ് ഈ സാമ്പത്തിക വർഷത്തിൽ ഡ്രൈനേജ് നിർമ്മാണം പൂർത്തീകരിക്കുമെന്ന് വിശ്വസിക്കാം. ആയതിന് അടുത്ത ഭരണസമിതി നിതാന്തജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വടക്കേപറമ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ-ചർച്ച

മഹല്ല്വക വടക്കേപറമ്പ് കാലങ്ങളായി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ പറമ്പിൽ നിലവിലുള്ള കെട്ടിടങ്ങളും കാലപ്പഴക്കം മൂലം ഏതാണ്ട് ജീർണ്ണാവസ്ഥയിലാണ്. എൻ.എച്ച്. 17 നോട് ചേർന്ന് കിടക്കുന്ന വളരെ മൂല്യമുള്ള ഈ ഭൂമി മഹല്ലിന്റെ വരുമാന മാർഗ്ഗങ്ങൾക്ക് ഉതകും വിധം ഉപയോഗപ്പെടുത്താൻ മഹല്ല് കമ്മറ്റി ആലോചിച്ചിരുന്നതും 2010ൽ കൂടിയ മഹല്ല് പൊതുയോഗം ഈ ഭൂമിയിൽ നിലവാരമുള്ള ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നതും, ആയതിനുള്ള ഫണ്ട് സ്വരൂപിക്കാൻ മഹല്ല് കമ്മറ്റിയോട് നിർദ്ദേശിച്ചിരുന്നതുമാണ്. ഈ സാഹചര്യത്തിൽ കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അൽബറാഖ കമ്പനി, തരിശായി കിടക്കുന്ന വഖഫ് ഭൂമികളിൽ കമ്പനി ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും അതിൽ നിന്നുള്ള വരുമാനം നിശ്ചിതകാലം അതാത് മഹല്ലുകളുമായി പങ്കിടുന്നതിനും കേരള വഖഫ് ബോർഡും, കമ്പനിയും, മഹല്ലും ഉൾപ്പെട്ട ഒരു ത്രികക്ഷി കരാർ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം കമ്പനി എം.ഡി.യായ ജനാബ് മുഹമ്മദ് ഹനീഷ് ഐ.എ.എസ്. അവർകൾ മുഖാന്തിരം മഹല്ല് കമ്മറ്റിയെ അറിയിച്ചിരുന്നതുമാണ്. അദ്ദേഹത്തിന്റെ കത്ത് പ്രകാരം കമ്പനിയുമായി മഹല്ല് കമ്മറ്റി നടത്തിയ ചർച്ചയിൽ മഹല്ല് വക ഭൂമിയിൽ അൽബറാക്കയുടെ മുതൽ മുടക്കിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു ഓഡിറ്റോറിയവും, വ്യാപാര സമുച്ചയവും പണിയുന്നതിന് ധാരണയായിട്ടുള്ളതുമാണ്. ദീർഘ നാൾ നിലനിൽക്കുന്ന ഈ കരാറിലേർപ്പെടുന്നതിന് കേരള വഖഫ് ബോർഡിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിലും ധാരണാപത്രത്തിന്റെ വ്യവസ്ഥകളും മഹല്ലിനുണ്ടാകുന്ന നേട്ടങ്ങളും അതോടൊപ്പം മഹല്ലിന് ഈ പദ്ധതി ലാഭകരമാണോ എന്നത് സംബന്ധിച്ചും മഹല്ല് അംഗങ്ങളുമായി ചർച്ച ചെയ്യുന്നതിന് പ്രത്യേക വെള്ളിയാഴ്ച പൊതുയോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരുന്നതും ആയതിന് അറിയിപ്പ് നടത്തുകയുമുണ്ടായിരുന്നു. ധാരണാപത്രം ലഭിക്കാൻ വൈകിയതിനാൽ നിശ്ചയിച്ച തിയ്യതിക്ക് പൊതുയോഗം ചേരാൻ കഴിഞ്ഞിരുന്നില്ല ടി കാര്യങ്ങൾ മഹല്ല് സെക്രട്ടറി അംഗങ്ങളെ യഥാസമയങ്ങളിൽ അറിയിച്ചിരുന്നതാണ്.

ഏതാണ്ട് 6 കോടിയോളം രൂപ നിക്ഷേപിക്കപ്പെടുന്ന ഈ പദ്ധതിയുടെ ധാരണാപത്രവും വ്യവസ്ഥകളും ഈ പൊതുയോഗത്തിന്റെ ചർച്ചക്ക് വേണ്ടി സമർപ്പിക്കുകയാണ്. സമീപകാലങ്ങളിലൊന്നും മഹല്ലിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്ന് ഇത്രയും വലിയ ഒരു പ്രോജക്ട് നടപ്പില്ലാക്കാൻ കഴിയില്ലെന്ന തിരിച്ചറിവും, എഗ്രിമെന്റ് കാലാവധി പൂർത്തീകരിക്കുന്ന മുറക്ക് പ്രോജക്ട് മഹല്ലിന്റെ സ്വന്തമാകുകയും, അത്രയും കാലം വ്യവസ്ഥകൾ പ്രകാരമുള്ള വരുമാനം ലഭിക്കുകയും ചെയ്യുമെന്നതിനാലും, ഭൂമി തരിശായി കിടക്കാതെ മഹല്ലിന് വേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതുകൊണ്ടുമാണ് അൽ ബറാഖയുമായി കൂടുതൽ ചർച്ചകൾ നടത്താൻ മഹല്ല് കമ്മറ്റി മുൻകൈയെടുത്തത്. പൊതുയോഗത്തിന്റെ വിശദമായ ചർച്ചകൾക്ക് ശേഷം എടുക്കുന്ന തീരുമാനങ്ങൾ മഹല്ലിന് ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഇസ്ലാമിക പൈതൃക മ്യൂസിയം

കേരളത്തിലെ ആദ്യത്തെ ഇസ്ലാമിക പൈതൃക മ്യൂസിയമെന്ന ഖ്യാതിയുള്ള നമ്മുടെ മ്യൂസിയം മസ്ജിദ് സന്ദർശിക്കാനെത്തുന്നവരുടെ മുഖ്യ ആകർഷണമാണ്. ചരിത്ര വസ്തുക്കൾ കുറവാണെങ്കിലും ഒട്ടനവധി പേർ മ്യൂസിയം സന്ദർശിക്കുന്നുണ്ട്. മുൻകാല റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുള്ളത് പോലെ ചരിത്ര വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള

പ്രായോഗിക തടസ്സങ്ങൾ മ്യൂസിയത്തിന്റെ വികസനത്തിന് എന്നും വിഘാതമായിട്ടുണ്ട്. കൂടാതെ സ്ഥലസൗകര്യങ്ങളും തീരെ പരിമിതമാണ്. മ്യൂസിയം സന്ദർശിക്കുവാൻ വരുന്ന വർ ഈ അപര്യാപ്തതകൾ സ്നേഹപൂർവ്വം നമ്മെ ബോധ്യപ്പെടുത്തിയിട്ടുള്ളതും മ്യൂസിയ ത്തിന്റെ വികസനത്തിന് നമ്മിൽ നിരന്തരം സമ്മർദ്ധം ചെലുത്തുയിട്ടുള്ളതുമാണ്. സംസ്ഥാന സർക്കാരിന്റെ മുസ്രിസ് പൈതൃക പദ്ധതി വിഭാവനം ചെയ്യുന്ന നിരവധി മ്യൂസിയങ്ങളിൽ ഒന്നായ ഇസ്ലാമിക പൈതൃക മ്യൂസിയം ചേരമാൻ ജുമാമസ്ജിദിൽ ലഭിക്കുന്നതിന് കമ്മറ്റി ഏറെ ശ്രമങ്ങൾ നടത്തിയിട്ടുള്ളതും നിരവധി ചർച്ചകളുടെയും നിവേദനങ്ങളുടെയും ഫല മായി **മുസ്രിസ് പൈതൃക പദ്ധതിയിലെ ഇസ്ലാമിക പൈതൃക മ്യൂസിയം ചേരമാൻ ജുമാമസ്ജിദ് ക്യാമ്പസിൽ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു കോടി എഴുലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് നിർമ്മാണ ചുമതല കിഡ്കോയെ ഏൽപ്പിച്ച് ഉത്തരവായിട്ടുള്ളതും സന്തോഷത്തോടെ മഹല്ല് അംഗങ്ങളെ അറിയിക്കട്ടെ.** നിലവിലുള്ള കെട്ടിടത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഇസ്ലാമിക പൈതൃകവും ചരിത്രവുമായി ബന്ധപ്പെട്ട വസ്തുക്കൾകണ്ടെത്തി അതി ബൃഹത്തായ വിധത്തിലുള്ള ഡിജിറ്റലൈസ്ഡ് മ്യൂസിയത്തിനുള്ള പ്ലാനും എസ്റ്റിമേഷനും തയ്യാറാക്കി ഭരണാനുമതിക്ക് വേണ്ടി കിഡ്കോ ഫയൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നാണ് കമ്മറ്റിക്ക് ലഭിച്ചിട്ടുള്ള വിവരം. ഈ സാമ്പ ത്തിക വർഷം തന്നെ ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അങ്ങനെയാണെങ്കിൽ സർക്കാരിൽ നിന്നും മഹല്ലിന് ലഭിക്കുന്ന ഏറ്റവും വലിയ പദ്ധതി ഇതായിരിക്കും. സർക്കാരിൽ നിരന്തരമായ സമ്മദ്ദങ്ങൾ ചെലുത്തു കയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും വകുപ്പുകൾക്കും നിവേദനങ്ങൾ നൽകി തുടർച്ച യായുള്ള ഇടപെടലുകൾ നടത്തിയാൽ മാത്രമേ നമുക്കർഹമായത് നേടിയെടുക്കാൻ കഴിയൂ എന്നത് കമ്മറ്റിയുടെ പ്രവർത്തന പരിചയം കൊണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. വരുംകാല ഭരണ സമിതി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും ഇസ്ലാമിക പൈതൃക മ്യൂസിയം നമ്മുടെ പള്ളിയിൽ യാഥാർത്ഥ്യമാക്കാൻ എല്ലാ ശ്രമങ്ങളും നടത്തണമെന്നും ഉണർത്തുന്നു.

മ്യൂസിയത്തിന്റെ വികസനത്തിനായി കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിന് ഞങ്ങളെ പ്രേരിപ്പിച്ചതും, ഞങ്ങൾക്ക് പ്രചോദനം നൽകിയതുമായ എല്ലാവരോടും ഈ അവസരത്തിൽ മഹല്ലിന്റെ നന്ദി രേഖപ്പെടുത്തുന്നു. വരുംതലമുറയ്ക്ക് ഈ സമുദായത്തിന്റെ ചരിത്രം വായി ച്ചെടുക്കാനുതകുന്ന വിധം മ്യൂസിയം സജ്ജീകരിക്കപ്പെടുകയാണെങ്കിൽ ഇതിനായി പ്രവർത്തിച്ച എല്ലാവർക്കും ഈ മഹല്ലിന്റെ യശ്ശസുയർത്തിപ്പിടിക്കുന്നതിൽ ഭാഗഭാക്കായ തിലും ഇതിന്റെ ചരിത്രത്തിൽ പങ്കാളിയായതിലും തീർത്തും അഭിമാനിക്കാവുന്നതാണ്. പ്രതീക്ഷയുടെ കണ്ണുകൾക്ക് സർവ്വശക്തന്റെ അനുഗ്രഹമുണ്ടാകട്ടെ.

## മദ്രസ്സ ഗ്രാന്റ് - സ്കൂൾ ട്യൂഷൻ

കേന്ദ്ര സർക്കാരിന്റെ S.P.Q.E.M. പദ്ധതി പ്രകാരം മഹല്ലിലെ മദ്രസ്സകൾ കേന്ദ്രീകരിച്ച് നടത്തുന്ന സൗജന്യ ട്യൂഷന് ഈ റിപ്പോർട്ട് വർഷം 12,11,000 രൂപ സർക്കാരിൽ നിന്നും ലഭി ച്ചിട്ടുണ്ട്. 2010-2011 വർഷത്തെ ഗ്രാന്റിൽ ഇനിയും 7 ലക്ഷം രൂപയോളം 2-ാം ഗഡുവായി ലഭിക്കാനുമുണ്ട്. ഈ സംഖ്യയും പാസ്സായിട്ടുള്ളതാണെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷത്തിൽ ഈ പണവും ലഭിക്കുമെന്ന് വിശ്വസിക്കുന്നു. സർക്കാരിൽ നിന്നുള്ള വിദ്യാഭ്യാസ ഗ്രാന്റ് വാങ്ങിയെടുക്കുന്നതിന് മഹല്ല് കമ്മറ്റി കഴിഞ്ഞ 4 വർഷമായി നിരന്തര

ശ്രമത്തിലാണ്. ആയതുകൊണ്ട് തന്നെ 3 പ്രാവശ്യം നമുക്ക് മദ്രസ്സ ഗ്രാന്റ് ലഭിച്ചിട്ടുണ്ട്. ഒട്ടനവധി മഹല്ലുകളും മദ്രസ്സ കമ്മറ്റികളും മദ്രസ്സഗ്രാന്റിന് അപേക്ഷ സമർപ്പിക്കാൻ വിമുഖത കാട്ടിയിരുന്ന സമയത്ത് നാം പദ്ധതിയിൽ അപേക്ഷിക്കുകയും ആയതിനായി മറ്റു മഹല്ലുകളെ നിർബന്ധിക്കുകയും തുടർച്ചയായി വിവിധ ഓഫീസുകൾ കയറിയിറങ്ങി നമ്മുടെ അപേക്ഷയ്ക്ക് ഫലം ലഭിക്കുന്നതിന് ശ്രമിച്ച് വരുകയുമായിരുന്നു. പലപ്പോഴും നഷ്ടപ്പെടുമായിരുന്ന ഫണ്ട് നമ്മുടെ നിരന്തരമായ ഇടപെടലുകൾ കൊണ്ട് മാത്രമാണ് കേരളത്തിലെ 514 മദ്രസ്സകൾക്ക് ലഭിച്ചിട്ടുള്ളതെന്ന് പറയുന്നതിൽ കമ്മറ്റിക്ക് അതിയായ സന്തോഷമുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ട്ടറായിരുന്ന ജനാബ് മുഹമ്മദ് ഹനീഷ് അവർകൾ നമ്മുടെ ശ്രമങ്ങൾക്ക് മതിയായ സഹായങ്ങൾ തന്നിട്ടുള്ളത് ഈ അവസരത്തിൽ സ്മരണീയമാണ്. 2011–2012 വർഷത്തേക്കുള്ള അപേക്ഷകളും നമ്മുടെ 7 മദ്രസ്സകൾക്ക് വേണ്ടി യഥാസമയം സമർപ്പിച്ചിട്ടുണ്ട്. മദ്രസ്സ ഗ്രാന്റ് പോലുള്ള സർക്കാരിൽ നിന്നുള്ള നമ്മുടെ എല്ലാ അവകാശങ്ങളും നിഷേധിക്കാനും തടഞ്ഞുവെക്കാനും കാലാകാലങ്ങളിൽ പലശക്തികളും ശ്രമിക്കാറുണ്ട്. ഇത്തരക്കാരിൽനിന്ന് നമുക്ക് നീതി ലഭിക്കണമെങ്കിൽ തളരാത്ത മനസ്സുമായി നിരന്തരം ശ്രമിക്കേണ്ടതാണ്. തീർച്ചയായും സർവ്വശക്തനിൽ നിന്നുള്ള പ്രതിഫലം യഥാസമയം ലഭിക്കുമെന്നതിൽ തർക്കമില്ലെന്നത് ഞങ്ങളുടെ അനുഭവം ഞങ്ങളെ പഠിപ്പിക്കുന്നു. 2010–2011 വർഷ ഗ്രാന്റിലെ ശേഷിക്കുന്ന 7 ലക്ഷം രൂപ ലഭിക്കുന്നതിനുള്ള എല്ലാ പേപ്പർ ജോലികളും പൂർത്തീകരിച്ചിട്ടുള്ളതും ഉദ്യോഗസ്ഥന്മാരുടെ പരിശോധനകൾ തൃപ്തികരമായി നടന്നിട്ടുള്ളതുമാണ്. നമ്മുടെ അവകാശങ്ങൾ നിഷേധിക്കാൻ ഒരു വിഭാഗം കാത്തുനിൽക്കുന്നത് നാം തിരിച്ചറിയേണ്ടതുണ്ട്. ആയതുകൊണ്ട് തന്നെ മേൽസംഖ്യ വാങ്ങിയെടുക്കുന്നതിൽ അടുത്ത കമ്മറ്റി ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. കൂടാതെ 2011–2012 അദ്ധ്യയന വർഷത്തെ ഗ്രാന്റിനുള്ള അപേക്ഷകളുടെ സ്ഥിതിയെ കുറിച്ചും നിരന്തരം അന്വേഷിക്കേണ്ടതുണ്ട്.

സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ട് കാത്തുനിൽക്കാതെ നാം മഹല്ലിലെ നിർദ്ധനരായ വിദ്യർത്ഥികൾക്ക് വേണ്ടിയുള്ള സൗജന്യ ട്യൂഷൻ ക്ലാസ്സുകൾ തുടർന്ന് വരുന്നുണ്ട്. കഴിഞ്ഞ 5 വർഷമായി യാതൊരു മുടക്കവുമില്ലാതെ ഇത് നടക്കുന്നുണ്ട്. അദ്ധ്യായന വർഷാരംഭത്തിൽ കുട്ടികളുടെ എണ്ണം വളരെ കൂടുമെങ്കിലും തുടർന്നുള്ള കൊഴിഞ്ഞ് പോക്ക് രൂക്ഷമാണ്. യോഗ്യരായ അദ്ധ്യാപകർ കൈകാര്യം ചെയ്യുന്ന സൗജന്യ ക്ലാസ്സിനേക്കാൾ ഉപരി നമ്മുടെ രക്ഷിതാക്കൾക്ക് സ്വകാര്യ ട്യൂഷൻ സെന്ററുകളോടാണ് ആഭിമുഖ്യം. 3 മുതൽ 10 വരെ ക്ലാസ്സുകളിൽ നടക്കുന്ന മഹല്ലിന്റെ ട്യൂഷൻ മാത്രം ആശ്രയിച്ച് പഠിച്ച് നല്ല വിജയം നേടിയ ഒട്ടനവധി കുട്ടികൾ നമ്മുടെ മഹല്ലിലുണ്ട്. കഴിഞ്ഞ വർഷം നമ്മുടെ ട്യൂഷൻ ക്ലാസ്സിൽ നിന്നും പരീക്ഷയെഴുതിയ 2 വിദ്യർത്ഥികൾക്ക് 9 എ+ ലഭിച്ചിട്ടുള്ളതാണ്. ഈ കുട്ടികൾ മഹല്ലിന് നൽകിയ ആദരവായി ഞങ്ങൾ ഇതിനെ കാണുന്നു. ഇഫ്താർ വിരുന്നിൽ ഈ കുട്ടികളെ പ്രത്യേകം ക്ഷണിച്ച് അവാർഡ് നൽകുകയുണ്ടായി. കഴിഞ്ഞ വർഷങ്ങളിൽ മധ്യവേനലവധിക്കാലത്തെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പഠനം വ്യക്തിത്വ വികസന ക്ലാസ്, കമ്പ്യൂട്ടർ ക്ലാസ്സുകൾ എന്നിവ സൗജന്യമായി നൽകിയിരുന്നതാണ്. എന്നാൽ പഠിക്കാൻ കുട്ടികളില്ലാത്തതിനാൽ പലപ്പോഴും ഇത് ഇടയ്ക്ക് വെച്ച് നിർത്തേണ്ടി വരാറുണ്ട്. ആയതുകൊണ്ട് തന്നെ ഈ വർഷം ഇത്തരം ക്ലാസ്സുകൾ ഒഴിവാക്കുകയായിരുന്നു. കൂടാതെ ശനി, ഞായർ ദിവസങ്ങളിൽ നടത്തപ്പെടുന്ന മുതിർന്ന വിദ്യാർത്ഥികൾക്കുള്ള ഖുർആൻ പഠന ക്ലാസ്സുകളിലും നാമമാത്രമായ പങ്കാളിത്തം മാത്രമാണ് ഉള്ളത്.

## മഹല്ലിൽ നിന്നുള്ള ധനസഹായങ്ങൾ

റിപ്പോർട്ട് വർഷത്തിൽ 70 പേർക്ക് ചികിത്സാ സഹായത്തിനും 25 പേർക്ക് വിവാഹ സഹായത്തിനും, 26 പേർക്ക് പുരപണിക്കും, മഹല്ലിൽ നിന്നും സഹായം നൽകിയിട്ടുണ്ട്. കൂടാതെ അന്യ മഹല്ല് അംഗങ്ങളും സഹോദര സമുദായാംഗങ്ങളുമായ 53 പേർക്കും മഹല്ലിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളേക്കാൾ അപേക്ഷകളുടെ എണ്ണം കുറവായിരുന്നതിനാൽ ബഡ്ജറ്റ് സംഖ്യയേക്കാൾ കുറവായാണ് സഹായ പദ്ധതികൾക്ക് ധനസഹായം നൽകിയിട്ടുള്ളത്. അശരണരും നിർദ്ധനരുമായ രോഗികളെ സഹായിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണെങ്കിലും ചില സാഹചര്യങ്ങളിലെ അപേക്ഷകൾ പരിഗണിക്കാൻ പറ്റാത്തതുകൂടിയാണെന്ന് പറയട്ടെ. ചികിത്സാ സഹായത്തിന് വേണ്ടി നിരവധി സർക്കാർ പദ്ധതികളും ആരോഗ്യഇൻഷൂറൻസ് പദ്ധതികളും നിലവിലുണ്ട്. ഈ പദ്ധതികളെ പറ്റിയെല്ലാം നാം യഥാസമയം അന്വേഷിക്കുകയോ അതിന്റെ ഗുണഭോക്താക്കളാകുകയോ ചെയ്യാറില്ല. പല പ്രാവശ്യങ്ങളിലായി മരുന്നു വാങ്ങിയ ബില്ലുകൾ ഹാജരാക്കി പലരും ചികിത്സാ സഹായത്തിന് അപേക്ഷിക്കുന്നുണ്ട്. ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തിയ രോഗിക്ക് മാത്രം സാമ്പത്തിക സഹായം നൽകിയാൽ മതിയെന്ന് കമ്മറ്റി ആലോചിച്ച് വരുന്നതും പൊതുയോഗം അത് ചർച്ച ചെയ്യേണ്ടതുമാണ്. കൂടാതെ വീടില്ലാത്തവർക്ക് വീട് പണിത് നൽകുന്ന പദ്ധതിയും ഭൂമിയില്ലാത്തവർക്ക് സൗജന്യമായി ഭൂമി ലഭ്യമാക്കുന്ന പദ്ധതികളും നിലവിലുണ്ട്. ഈ കാര്യങ്ങളെല്ലാം വിവരം ലഭിക്കുന്ന മുറക്ക് തന്നെ മഹല്ലിൽ അനൗൺസ് ചെയ്യുന്നുണ്ടെങ്കിലും ആവശ്യമായ പ്രതികരണം ഉണ്ടാകാറില്ല. അതാത് വാർഡുകളിലെ മുനിസിപ്പൽ കൗൺസിലർമാരുമായോ മഹല്ല് കമ്മറ്റി ഓഫീസുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിലുള്ള സംശയങ്ങൾ ദൂരീകരിക്കാൻ മഹല്ല് അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## വിവാഹ പൂർവ്വ കൗൺസിലിംഗ് ക്ലാസ്സ്

പൊതുയോഗ തീരുമാനപ്രകാരം മഹല്ല് കമ്മറ്റി നടത്തിവരുന്ന വിവാഹ പൂർവ്വ കൗൺസിലിംഗ് ക്ലാസ്സ് 3 വർഷം പിന്നിട്ട് കഴിഞ്ഞു. മഹല്ലിന്റെ ഏറ്റവും പുരോഗമനപരമായ ഈ സംവിധാനം മറ്റു മഹല്ലുകളും പിന്തുടരാൻ ആഗ്രഹിക്കുന്നതിൽ കമ്മറ്റിക്ക് ചാരിതാർത്ഥ്യമുണ്ട്. നാളിത് വരെ കൗൺസിലിംഗ് ക്ലാസ് മുടക്കമില്ലാതെ നടന്നുവരുന്നുണ്ട്. വിവാഹാനന്തര ജീവിതത്തെ കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കാനും, കുടുംബ ഭദ്രതക്കാവശ്യമായ സമീപനങ്ങൾ പഠിക്കുവാനും കൗൺസിലിംഗ് ക്ലാസ് കൊണ്ട് കഴിയുന്നുണ്ട്. നമുക്ക് ശീലമില്ലാത്ത ഈ സംവിധാനം ഉൾക്കൊള്ളാൻ പലർക്കും ആദ്യം വൈമുഖ്യം ഉണ്ടായിരുന്നുവെങ്കിലും പിന്നീട് അതിന്റെ മേന്മ തിരിച്ചറിഞ്ഞ് നമ്മെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. വിവാഹപ്രായമെത്തിയ കുട്ടികളെ നിർബന്ധമായും കൗൺസിലിംഗ് ക്ലാസ്സിലെത്തിക്കുവാൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. **മൂന്ന് കൗൺസിലിംഗ് ക്ലാസ്സിലെങ്കിലും പങ്കെടുത്തവർക്ക് മാത്രമേ വിവാഹ സമ്മതപത്രം അനുവദിക്കു എന്ന പൊതുയോഗ തീരുമാനം മഹല്ലംഗങ്ങളെ ഓർമ്മപ്പെടുത്തുന്നു.** എല്ലാ 2-ാം ശനിയാഴ്ചകളിലും നടക്കുന്ന കൗൺസിലിംഗ് ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാത്ത നാട്ടിലില്ലാത്ത കുട്ടികൾക്ക് ക്ലാസ്സിൽ പങ്കെടുക്കുവാൻ കമ്മറ്റി പ്രത്യേകം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വിവാഹ പൂർവ്വ കൗൺസിലിംഗ് ക്ലാസ്സ് പോലെ വിവാഹ ശേഷമുള്ള കൗൺസിലിംഗിങ്ങിനെ കുറിച്ചും മഹല്ല് കമ്മറ്റി ആലോചിക്കുന്നുണ്ട്. ഓരോ പ്രദേശത്തേയും ചുരുങ്ങിയത് 50 ദമ്പതികളെയെങ്കിലും പങ്കെടുപ്പി

ക്കാവുന്ന ഒരു മുഴുവൻ ദിവസ കൗൺസിലിംഗ് ക്ലാസ്സാണ് ഉദ്ദേശിക്കുന്നത്. മനഃശാസ്ത്ര വിദഗ്ദർ, ദീനി പണ്ഡിതർ തുടങ്ങിയവർ കൈകാര്യം ചെയ്യുന്നവിധം ഭക്ഷണത്തോടെയുള്ള മുഴുവൻ ദിവസ കൗൺസിലിംഗ് ക്ലാസ്സ് ദാമ്പത്യജീവിതത്തിന്റെ പിരിമുറുക്കങ്ങൾ കുറക്കുമെന്ന് കമ്മറ്റി ആശിക്കുന്നു. സമൂഹത്തിന്റെ വിവിധ മേഖലകളിലെ അസ്വസ്ഥതകൾ കുടുംബങ്ങളിലേക്ക് വ്യാപരിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഇത്തരമൊരു കൗൺസിലിംഗ് ക്ലാസ്സ് ഗുണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. മഹല്ല് പൊതുയോഗം ഇക്കാര്യം ഗൗരവപൂർവ്വം ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## വിവാഹസെസ്സ്

റിപ്പോർട്ട് വർഷത്തിൽ 71,500ക. യാണ് വിവാഹസെസ്സായി സമാഹരിക്കാൻ കഴിഞ്ഞത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവ് സംഖ്യയാണിത്. ഓരോ വർഷവും വിവാഹ സെസ്സ് സംഖ്യ വർദ്ധിക്കുമെന്ന കമ്മറ്റിയുടെ പ്രതീക്ഷകൾക്ക് ഇത് മങ്ങലേൽപ്പിച്ചിട്ടുണ്ട്. സാമ്പത്തികമായി ഭദ്രതയുള്ള കുടുംബങ്ങളിലെ വിവാഹങ്ങൾ ധാരാളമായി ഈ കാലയളവിൽ മഹല്ലിൽ നടന്നിട്ടുണ്ടെങ്കിലും സെസ്സ് നൽകുന്നതിനുള്ള താല്പര്യം പലർക്കുമുണ്ടായില്ല എന്നത് വേദനാജനകമാണ് മഹല്ലിലെ നിർദ്ധനരും പ്രായാധിക്യവുമുള്ള സഹോദരിമാരുടെ വിവാഹങ്ങൾക്കാണ് ഈ സംഖ്യ ഉപയോഗിക്കുന്നതെന്ന ഉത്തമാബോധ്യമുണ്ടായിട്ട് പോലും പലരും ഇക്കാര്യത്തിൽ മുഖം തിരിക്കുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല. ലക്ഷങ്ങൾ ചിലവിട്ട് നടത്തുന്ന വിവാഹ ധൂർത്തിൽ നിന്നും ചെറിയൊരു സംഖ്യ മഹല്ലിന്റെ സമൂഹവിവാഹഫണ്ടിലേക്ക് നൽകാതിരിക്കുന്നത് നീതീകരിക്കാനാകത്ത് കൂടിയാണെന്ന് പറയട്ടെ!

## പെൻഷൻ - സൗജന്യ മെഡിക്കൽ ക്ലിനിക്ക്

65 വയസ്സ് കഴിഞ്ഞ നിരാശ്രയരായ മഹല്ല് അംഗങ്ങൾക്ക് മഹല്ല് പൊതുയോഗം ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പ്രകാരം 36 പേർക്ക് ഈ വർഷം പെൻഷൻ നൽകിവരുന്നുണ്ട്. മഹല്ലിന്റെ ഈ സാമൂഹ്യ സേവന പദ്ധതി വിപുലപ്പെടുത്തണമെന്ന് കമ്മറ്റിക്ക് താല്പര്യമുണ്ടെങ്കിലും സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് കൂടുതലൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. എങ്കിലും മഹല്ല് പൊതുയോഗത്തിന്റെ ഉദാരമനസ്ക്കതയിൽ 36 പേർക്കെങ്കിലും അത്യാവശ്യ കാര്യങ്ങൾ നിർവ്വഹിക്കാവുന്ന സഹായം എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

മഹല്ലിന്റെ സൗജന്യ മെഡിക്കൽ ക്ലിനിക്കിൽ ആയുർവ്വേദ വിഭാഗം മാത്രമാണി ഇപ്പോൾ പ്രവർത്തിക്കുന്നത് അലോപ്പതി, ഹോമിയോപ്പതി ഇനങ്ങളിൽ രോഗികൾ ഇല്ലാത്തതിനാൽ കഴിഞ്ഞ വർഷം തന്നെ നിർത്തലാക്കിയിരുന്നു. എന്നാൽ ആയുർവ്വേദ വിഭാഗത്തിൽ നിരവധി രോഗികൾക്ക് സൗജന്യ ചികിത്സയും മരുന്നും നൽകി വരുന്നുണ്ട്. നിരവധി തിരക്കുകൾക്കിടയിലും മഹല്ലിന്റെ ആയുർവ്വേദ ക്ലിനിക്കിൽ സൗജന്യമായി ചികിത്സ നടത്താനെത്തുന്ന **ഡോ. കടമ്പോട്ട് അബ്ദുറഹിമാൻ** അവർകളോട് മഹല്ലിനുള്ള നന്ദി നിസ്സീമമാണ്. തുടർന്നും ദീർഘകാലം ഈ മഹല്ലിന് സേവനം ചെയ്യാനുള്ള മനസ്സും ആരോഗ്യവും സർവ്വശക്തൻ അദ്ദേഹത്തിന് പ്രധാനം ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## സമൂഹവിവാഹം

2003 ൽ പുനരാരംഭിച്ച മഹല്ലിന്റെ സമൂഹ വിവാഹ പദ്ധതി അതിന്റെ എല്ലാ അർത്ഥങ്ങളുമുൾക്കൊണ്ട് ഈ വർഷവും നടത്തുവാൻ കഴിഞ്ഞതിൽ ഞങ്ങൾ കൃതാർത്ഥരാണ്. സാമ്പത്തിക പ്രതിസന്ധികൊണ്ട് യഥാസമയങ്ങളിൽ വിവാഹം നടത്താൻ കഴിയാതിരുന്ന സഹോ

ദരിമാർക്ക് ഈ മഹല്ല് നൽകുന്ന കൈതാങ്ങാണ് സമൂഹവിവാഹപദ്ധതി. ഈ പദ്ധതി പ്രകാരം മുൻകാലങ്ങളിൽ വിവാഹത്തിന് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ വിവാഹം ഒരേ വേദിയിൽ വെച്ച് നടത്തുന്ന പതിവുണ്ടായിരുന്നു. പ്രായോഗികമല്ലാത്ത കാരണങ്ങൾകൊണ്ട് ഇതു മാറ്റുകയും പിന്നീട് ഓരോ കുടുംബത്തിന്റെ സൗകര്യമനുസരിച്ച് വിവാഹങ്ങൾ നടത്തിയതിന് ശേഷം മഹല്ലിൽ വെച്ച് എല്ലാവരേയും ഒരുമിച്ച് കൂട്ടി സ്വീകരണം നൽകുന്ന പതിവാണ് നാം പിന്തുടർന്നത്. എന്നാൽ ഇതിനും ചില തടസ്സങ്ങൾ ഉള്ളതിനാലും ചില വരന്മാർ ഈ കൂട്ടായ്മയിൽ പങ്കെടുക്കാൻ വിമുഖത കാണിക്കുന്നതിനാലും ഈ പരിപാടിയും കമ്മറ്റി ഉപേക്ഷിക്കുകയും, ഓരോരുത്തരുടേയും സൗകര്യത്തിന് വിവാഹം നടത്താൻ അനുമതി നൽകുകയായിരുന്നു. കൂടാതെ വിവാഹ സമ്മാനമായി നൽകുന്ന 1 ലക്ഷം രൂപയുടെ സമ്മാനങ്ങൾ 2 ഘട്ടങ്ങളിലായാണ് നൽകിയിരുന്നത്. ഈ സാമ്പത്തിക വർഷത്തിന്റെ അവസാനം നടന്ന വിവാഹങ്ങൾക്ക് ഒറ്റപ്രാവശ്യമായി മുഴുവൻ സ്വർണ്ണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മഹല്ലിന്റേതായ യാതൊരു നിബന്ധനകളോ ആവശ്യങ്ങളോ സമൂഹ വിവാഹത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർ മുമ്പാകെ ഉന്നയിക്കാറില്ല. എത്രയും വേഗം വിവാഹം നടക്കണമെന്ന ഉദ്ദേശ്യം മാത്രമേ ഇക്കാര്യത്തിലുള്ളു. ഒരു ദിവസം മുമ്പെങ്കിലും ഒരു കുടുംബത്തിന് ആശ്വാസം ലഭിക്കാൻ ഇതുമൂലം കഴിയുമെങ്കിൽ ഏറ്റവും നല്ല പുണ്യപ്രവൃത്തിയായി ലോകനാഥൻ ഇതിനെ കാണുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. സമൂഹവിവാഹ അപേക്ഷകളിൽ പലതും ഇനിയും ബാക്കിയുണ്ടെങ്കിലും വരന്മാർ ഒത്തുവരാത്തതാണ് പലവിവാഹങ്ങൾക്കും തടസ്സമായി നിൽക്കുന്നത്. റിപ്പോർട്ട് വർഷത്തിൽ 10 വിവാഹങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയത്. കഴിഞ്ഞ പൊതുയോഗ റിപ്പോർട്ടിൽ സമൂഹവിവാഹഫണ്ടിന്റെ അപര്യാപ്തതയെ കുറിച്ച് നാം ചർച്ച ചെയ്തിരുന്നതും ഈ വർഷത്തെ വിവാഹങ്ങൾക്കുള്ള ഫണ്ടിനെ കുറിച്ച് ആശങ്കപ്പെടുകയും ചെയ്തിരുന്നു. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം കൊണ്ട് 10 വിവാഹങ്ങൾ നടത്തിക്കൊടുത്തത് കൂടാതെ ഇനിയും 10 വിവാഹങ്ങൾക്കുള്ള ഫണ്ട് ബാലൻസ് വരികയും ചെയ്തിട്ടുണ്ട്. 2012-2013 വർഷത്തിൽ 25 കുട്ടികളുടെ വിവാഹം നടത്താനുള്ള ഫണ്ട് മഹല്ലിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അപേക്ഷകരായ കുടുംബങ്ങൾ വിവാഹം നടത്തുന്നതിന് കൂടുതൽ പ്രയത്നിക്കണമെന്നും അടുത്ത് തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ ചെയ്തത് പോലെ മഹല്ലിലേക്ക് സക്കാത്ത് നൽകിയിട്ടുള്ളവരുടെ താല്പര്യപ്രകാരം സക്കാത്തിന്റെ ബാലൻസ് ഫണ്ടും, വുളുഹിയത്ത് എല്ല്-തുകൽ വില്പ്പനയിലെ സംഖ്യയും, മഹല്ല് കമ്മറ്റി അംഗങ്ങൾ വെള്ളിയാഴ്ച തോറും എടുക്കുന്ന ബക്കറ്റ് കളക്ഷനും, ഉദാരമതികളുടെ നിർലോഭമായ സംഭാവനകളുമാണ് സമൂഹവിവാഹ പദ്ധതിക്കായി ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ മഹല്ല് കമ്മറ്റി പിരിച്ചെടുക്കുന്ന വിവാഹ സെസ്സും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. സമൂഹവിവാഹത്തിന് സംഭാവന സ്വരൂപിക്കുമ്പോൾ നാം സമീപിക്കുന്ന എല്ലാവരും വളരെ ക്രിയാത്മകമായാണ് പ്രതികരിക്കുന്നത്. അതുകൊണ്ട് തന്നെ പ്രതീക്ഷിച്ചതിലധികം സംഖ്യ സ്വരൂപിക്കുവാൻ കഴിയുന്നുണ്ട്. ഈ മഹല്ലിന്റെ സ്വകാര്യ ദുഃഖങ്ങൾക്ക് സാന്ത്വനമായി അന്യമഹല്ലംഗങ്ങളുടെ സഹായങ്ങളാണ് ഒട്ടുമിക്കതും ലഭിച്ചിട്ടുള്ളത് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. സക്കാത്ത് ഫണ്ടും, ബക്കറ്റ് കളക്ഷനും ഇതിൽ മുതൽകൂട്ടിയിട്ടുണ്ടെങ്കിലും വിവാഹ സെസ്സ് പല സഹോദരൻമാരും ബോധപൂർവ്വമായ ഉപേക്ഷ കാണിക്കുകയാണ്. ഇക്കാര്യത്തിലും നാം കൂടുതൽ ബോധവാൻമാരുമെന്ന് പ്രതീക്ഷിക്കാം.

## മരണാനന്തര സഹായഫണ്ട്

മഹല്ലിന്റെ മരണാനന്തര സഹായഫണ്ടിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമായി റിപ്പോർട്ട് വർഷത്തിലും നടന്നിട്ടുണ്ട്. മരണാനന്തര ചെലവുകൾക്ക് പണമില്ലാതെ പ്രയാസപ്പെടുകയോ, മരണാനന്തര ആവശ്യങ്ങൾക്കുള്ള സാധനസാമഗ്രികൾക്കായോ ഒരു കുടുംബവും കഴിഞ്ഞ 5 വർഷമായി നമ്മുടെ മഹല്ലിൽ അലയേണ്ടി വന്നിട്ടില്ല എന്നതാണ് ഈ പദ്ധതിയുടെ വിജയമായി നാം കണക്കാക്കുന്നത്. മരണാനന്തര ചിലവ് കഴിച്ച് ബാലൻസ് വരുന്ന സംഖ്യ മസ്ജിദ് ഫണ്ടിലേക്ക് തന്നെ തിരിച്ച് നൽകി രശീതി വാങ്ങുന്നത് ഉചിതമായിരിക്കുമെന്നത് പലരോടും ഉപദേശിച്ചിട്ടുണ്ടെങ്കിലും വിരലിലെണ്ണാവുന്നവർ മാത്രമെ അപ്രകാരം ചെയ്തിട്ടുള്ളു. സാമ്പത്തിക ഭദ്രതയുള്ളവർ പോലും ബാലൻസ് സംഖ്യ കൈപ്പറ്റുന്നത് കമ്മറ്റിയെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

മരണം വിവാഹം തുടങ്ങിയ നിർബന്ധിത സന്ദർഭങ്ങളിൽ മാത്രമാണ് അംഗങ്ങൾ മഹല്ലിലേക്കുള്ള കുടിശ്ശികകൾ അടയ്ക്കാൻ തയ്യാറാകുന്നത്. സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് മുമ്പ് കുടിശ്ശിക തീർത്തിരിക്കേണ്ടത് കമ്മറ്റി നിർബന്ധമാക്കിയിട്ടുണ്ട്. വർഷങ്ങളോളം കുടിശ്ശിക അടക്കാത്ത ഒട്ടനവധി കുടുംബങ്ങൾ ഇപ്പോഴും നമ്മുടെ മഹല്ലിലുണ്ട്. വാർഷിക വരിസംഖ്യ തുശ്ചമായതിനാൽ അത് യതാസമയങ്ങളിൽ പിരിച്ചെടുക്കാനുള്ള പ്രായോഗികമായ തടസ്സങ്ങളും നിലവിലുണ്ട് മുൻപൊതുയോഗങ്ങൾ മേൽകാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും തീരുമാനം എടുത്തിട്ടില്ല.

## സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്

മഹല്ല് ഭരണഘടന 3:3:4 പ്രകാരം സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവ ഈ വർഷവും കൃത്യമായ നിർവ്വഹിച്ചിട്ടുണ്ട് സക്കാത്ത് ശേഖരണത്തിൽ ഈ വർഷം വരവ് ഗണ്യമായ കുറഞ്ഞിട്ടുള്ളത്. കമ്മറ്റിയെ നിരാശരാക്കുന്നു. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നീ ഇനങ്ങളിലെ വരവ് ഓരോ വർഷവും വർദ്ധിച്ച് മാതൃകയാകേണ്ടതാണ്. കഴിഞ്ഞ 4 വർഷങ്ങളായി മഹല്ല് കമ്മറ്റി മേൽ കാര്യങ്ങൾക്ക് വീടുകളിൽ പോയി പിരിവെടുക്കുന്ന പതിവ് മാറ്റുകയും അംഗങ്ങൾ മഹല്ല് കമ്മറ്റി ഓഫീസിൽ പണമടക്കുകയുമാണ് ചെയ്ത് വരുന്നത്. ഓഫീസിൽ പണം എത്തിക്കാൻ ബുദ്ധിമുട്ടുള്ളവരുടെ വീട്ടിൽ നിന്നും നേരിൽ പോയി പണം വാങ്ങാനുള്ള സംവിധാനവും ചെയ്യാറുണ്ട്. പക്ഷെ ഈ വർഷം മഹല്ല് അംഗങ്ങളിൽ പലരിൽ നിന്നുമുള്ള പ്രതികരണം തീർത്തും നിരാശാജനകമായിരുന്നു. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയ്ക്ക് ഫണ്ട് നൽകാൻ പ്രാപ്തമായൊരു സമൂഹം, നിർബന്ധങ്ങളില്ലാതെ അത് നിർവ്വഹിക്കുമ്പോഴാണ് ആ സമൂഹം പക്വമായി എന്ന് പറയാൻ കഴിയൂ. നമ്മുടെ മഹല്ല് ഇനിയും ആ നിലവാരത്തിലേക്ക് എത്തിയിട്ടില്ല എന്ന് പറയേണ്ടിയിരിക്കുന്നു. ഇൻശാ അല്ലാഹ് അടുത്ത ഭരണസമിതി ഫണ്ട് ശേഖരിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. സക്കാത്ത് ഫണ്ട് വിതരണം ഈ സാമ്പത്തിക വർഷത്തിൽ 200 രൂപയാക്കി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. വിതരണശേഷം ബാലൻസ് സംഖ്യ സക്കാത്ത് നൽകിയവരുടെ താല്പര്യപ്രകാരം സമൂഹ വിവാഹത്തിലേക്ക് മുതൽകൂട്ടിയിട്ടുണ്ട്. സക്കാത്ത് വിതരണം സംബന്ധിച്ച് പല നിർദ്ദേശങ്ങളും മഹല്ല് കമ്മറ്റി മുമ്പാകെ ഉള്ളതും വിതരണം സംബന്ധിച്ച് മഹല്ല് പൊതുയോഗം വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

വുളുഹിയത്ത് പ്രവർത്തനം കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതൽ കാര്യക്ഷമമാ

ക്കാനും ജനകീയമാക്കാനും ഇപ്രാവശ്യം കഴിഞ്ഞുവെന്നത് വലിയ നേട്ടം തന്നെയായി മഹല്ല് കമ്മറ്റി കാണുന്നു. മഹല്ലിന്റെ ഇതര ഭാഗങ്ങളിൽ ഒരേസമയം അറവ് നടത്തിയതിനാൽ സമയമേറെ ലാഭിക്കാനും ഓരോ പ്രദേശത്തേയും മഹല്ല് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും കഴിഞ്ഞു. ഇൻശാ അല്ലാഹ് ഈ വർഷം എന്തെങ്കിലും പോരായ്മകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിച്ച് അടുത്ത വർഷം കൂടുതൽ തൃപ്തികരമാകുന്ന വിധം വുളുഹിയത്ത് പൂർത്തീകരിക്കാൻ സർവ്വശക്തൻ തുണക്കട്ടെയെന്ന് ദുആ ചെയ്യുന്നു.

ഉഴുവത്ത്കടവ്, കോട്ടപ്പുറം, വി.പി. തുരുത്ത് പ്രദേശങ്ങളിലെ പ്രാദേശിക കമ്മറ്റികളും മദ്രസ്സക്ക് സമീപമുള്ള ദീനി കൂട്ടായ്മകളും കാലങ്ങളായി പ്രത്യേകം പണം പിരിച്ച് വുളുഹിയത്ത് നടത്തിവരുന്നുണ്ട്. മഹല്ലിന്റെ കൂട്ടായ്മക്ക് വേണ്ടി മഹല്ല് കമ്മറ്റിയുമായി ഇത്തരം കമ്മറ്റികൾ സഹകരിച്ച് പ്രവർത്തിക്കണമെന്ന മഹല്ലിന്റെ നിർദ്ദേശത്തിന് വളരെ ക്രിയാത്മകമായ പ്രതികരണമാണ് പ്രാദേശിക കൂട്ടായ്മകളിൽ നിന്നുണ്ടായിട്ടുള്ളത്. ഓരോ പ്രദേശത്തെയും വുളുഹിയത്ത് മഹല്ല് കമ്മറ്റിയുമായി സഹകരിച്ച് നടത്താനും വിതരണത്തിൽ മഹല്ല് കമ്മറ്റിക്കൊപ്പം നിന്ന് കാര്യങ്ങൾ ചെയ്യാനും ഉഴുവത്ത് കടവ്, വി.പി. തുരുത്ത് പ്രദേശവാസികൾ കാണിച്ച ഉത്സാഹം മാതൃകാപരമാണ്. തീർച്ചയായും വുളുഹിയത്തിന്റെ വിജയകരമായ നടത്തിപ്പിന് ഈ മദ്രസ്സ കമ്മറ്റികൾ കാണിച്ച നിസ്തുലമായ പങ്ക് മഹല്ല് കമ്മറ്റിക്ക് ഏറെ ആഹ്ലാദം തരുന്നതാണ്. മഹല്ലിന്റെ കൂട്ടായ്മയ്ക്കും ഐക്യത്തിനും എക്കാലത്തും മാതൃകയാകുന്ന ഈ സൗഹൃദം തുടർന്നും കാത്തുസൂക്ഷിക്കുവാൻ കഴിയട്ടെയെന്ന ദുആ ചെയ്യുന്നു. വാശിയും വൈരാഗ്യവും, ഇടുങ്ങിയ ചിന്തകളും മുൻവിധിയുമില്ലാതെ മഹല്ലാണ് പരമപ്രധാനമെന്ന് തിരിച്ചറിഞ്ഞ ഉഴുവത്ത്കടവ് മദ്രസ്സ കമ്മറ്റിയേയും വി.പി. തുരുത്ത് നിവാസികളുടേയും സഹകരണത്തിന് കമ്മറ്റി നന്ദി രേഖപ്പെടുത്തുന്നു. ഒപ്പം ഇതാകട്ടെ ഐക്യത്തിന്റേയും സഹകരണത്തിന്റേയും ബാലപാഠമെന്നും മറ്റു പ്രാദേശിക കൂട്ടായ്മകൾക്ക് ഇത് മാതൃകയാകട്ടെയെന്നും ആശംസിക്കുന്നു. കൂടാതെ വുളുഹിയത്ത് അറവിന്റെ ആദ്യാവസാനം വരെ അതിന്റെ വിജയത്തിന് വേണ്ടി പ്രവർത്തിച്ച നിരവധി പേരുണ്ട് അഞ്ചപ്പാലം, കടുക്കച്ചുവട്, ലോകമലേശ്വരം, ഉഴുവത്ത്കടവ്, വി.പി. തുരുത്ത്, ചേരമാൻ നഗർ, തുടങ്ങിയ പ്രദേശങ്ങളിലെ മഹല്ലംഗങ്ങൾ പെരുന്നാൾ ദിവസത്തിൽ ഉച്ചഭക്ഷണം പോലും മാറ്റിവെച്ച് മഹല്ലിന്റെ പൊതുപരിപാടി വിജയിത്തിലെത്തിച്ചത് ഞങ്ങൾക്ക് പുതുമയുള്ള അനുഭവമായിരുന്നു. പെരുന്നാൾ ദിനത്തിലെ മുഴുവൻ തിരക്കുകളും മാറ്റിവെച്ച് മഹല്ലിന് വേണ്ടി പ്രയത്നിച്ച, വുളുഹിയത്തിന്റെ വിജയത്തിന് വേണ്ടി പരിശ്രമിച്ച എല്ലാ സഹോദരങ്ങൾക്കും മഹല്ലിന്റെ നന്ദി രേഖപ്പെടുത്തുന്നുതോടൊപ്പം സർവ്വശക്തൻ അർഹമായ പ്രതിഫലം അവർക്ക് നൽകട്ടെയെന്നും പ്രാർത്ഥിക്കുന്നു. വിട്ടുവീഴ്ചയുടെയും, സ്നേഹത്തിന്റേയും, ഐക്യത്തിന്റേയും പുതിയ മേഖലകളിലേക്ക് ഈ മഹല്ലിനെ നയിക്കാൻ അവർക്കാകട്ടെയെന്നും ദുആ ചെയ്യുന്നു.

## ഇഫ്ത്വാർ വിരുന്ന്

കഴിഞ്ഞ 5 വർഷമായി നമ്മുടെ മഹല്ലിൽ നടന്നു വരുന്ന ഇഫ്ത്വാർ വിരുന്ന് ഈ റിപ്പോർട്ട് വർഷവും സമുചിതമായി തന്നെ നടത്തിയിട്ടുണ്ട്. മതേതരത്വത്തിന്റെ പ്രതീകമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്ന ചേരമാൻ ജുമാമസ്ജിദിന്റെ തിരുമുറ്റത്ത് പുണ്യമായ റമളാന്റെ സായാഹ്നത്തിൽ കൊടുങ്ങല്ലൂരിന്റെ പൗരാവലി ജാതിയുടേയോ മതത്തിന്റേയോ വേർതിരിവില്ലാതെ ഒഴുകിയെത്തി സംഗമിക്കുന്ന കാഴ്ച അതിമനോഹരമാണ്. ഇതാണ് ഇസ്ലാമെന്ന് ചൂണ്ടികാണിച്ച് സമർത്ഥിക്കുവാൻ റമളാൻ പ്രഭാഷകനായ നൗഷാദ് ദാരിമിക്ക് കഴിഞ്ഞത് ഈ സായാഹ്നത്തിന് മാറ്റ് കൂട്ടി. ജില്ലയിലെ സാമൂഹിക സാംസ്കാരിക

രാഷ്ട്രീയ പ്രവർത്തകർ അണിനിരന്ന വേദിയിൽനിന്ന് ഈ മഹല്ലിന്റെ മഹത്തായ മാതൃക കളുടെ പ്രകീർത്തനങ്ങളുണ്ടായത് നമ്മുടെ പൈതൃകത്തിന് മേൽ കാലം ചാർത്തിയ അംഗീ കാരമായി. ആയിരക്കണക്കിന് പേർ എത്തിച്ചേർന്ന ഇഫ്ത്വാർ വിരുന്നിൽ ഒരേ സമയം ഭക്ഷണം നൽകി എല്ലാവരേയും തൃപ്തിപ്പടുത്താൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ പ്രവർത്തനംകൊണ്ട് വീഴ്ചകൾ മനസ്സിലാക്കി പ്രവർത്തിക്കാനും നോമ്പുകാരനെ തൃപ്തി പ്പെടുത്താനും നമുക്കായിട്ടുണ്ട്. ഇൻശാ അല്ലാ വരുംകാല കമ്മറ്റികൾ ഇത് തുടർന്ന്തന്നെ പോകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ റിപ്പോർട്ട് വർഷത്തിലെ റമദാനിൽ പള്ളിയിലെത്തിയ വ്രതാനുഷ്ഠാനക്കാർക്ക് വിഭവസമൃദ്ധമായ ഭക്ഷണം നൽകി നോമ്പ് തുറപ്പിക്കുവാൻ നമുക്കായിട്ടുണ്ട്. ഏതാണ്ട് 500 ലധികം പേർ നിത്യവും നോമ്പ് തുറക്കലിന് പള്ളിയിലെത്തുന്നുണ്ട്. പ്രവാസികളായ നമ്മുടെ സഹോദരങ്ങളുടെ നിർലോഭമായ സഹായങ്ങൾ കൊണ്ടാണ് ഇപ്രകാരമുള്ള നോമ്പ് തുറ ക്കൽ സംഘടിപ്പിക്കാൻ കഴിയുന്നത്. മേലിലും മഹല്ലിന്റെ നോമ്പ് തുറക്കൽ പദ്ധതിയിലേക്ക് സംഭാവനകൾ നൽകാൻ ഇവർക്കാകട്ടെയെന്നും ഇവരുടെ പ്രവർത്തനങ്ങൾ അല്ലാഹു സ്വീക രിച്ച് അർഹമായ പ്രതിഫലം നൽകട്ടെയെന്നും ദുആ ചെയ്യുന്നു.

നോമ്പ്കാരനെ നോമ്പ് തുറപ്പിക്കുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും നൽകു ന്നതിന് പ്രാപ്തമായ ഒരു കൂട്ടം യുവാക്കൾ കാലങ്ങളായി നമ്മുടെ നോമ്പ് തുറക്കൽ സമയ ങ്ങളിലെ ആകർഷണീയതയാണ്. 10 മിനിറ്റുകൾക്കുള്ളിൽ 500 ഓളം പേർക്ക് ഭക്ഷണം നൽകി തൃപ്തിപ്പെടുത്താൻ ഈ ചെറുപ്പക്കാർക്കാവുന്നത് അവരുടെ ചുറുചുറുക്കിനേക്കാളുപരി ആത്മാർത്ഥതയും സർവ്വശക്തനിൽ നിന്നുള്ള പ്രതിഫലേച്ഛയുമാണ്. ഇഫ്ത്വാർ വിരുന്നിന്റെ കുറ്റമറ്റ മേൽനോട്ടം വഹിക്കാനും ഇവർക്കായിട്ടുണ്ട്. ഈ യുവ കൂട്ടായ്മ ഓരോ വർഷങ്ങ ളിലും വ്യാപകമായി വളരുന്നതിൽ കമ്മറ്റിക്ക് സന്തോഷമുണ്ട്. നോമ്പ്തുറക്കൽ പ്രവർത്ത നങ്ങൾ സർവ്വം മറന്ന് പ്രവർത്തിക്കുന്ന ഇവരിലൂടെ ഈ മഹല്ലിനെ നാട് കണ്ടറിയട്ടെയെന്ന് കമ്മറ്റി ആഗ്രഹിക്കുന്നു, ഒപ്പം പുണ്യം പെറുക്കിയെടുക്കാനുള്ള ഇവരുടെ ഒടുങ്ങാത്ത വ്യഗ്രത അല്ലാഹു സ്വീകരിച്ച് അർഹമായ പ്രതിഫലം നൽകട്ടെയെന്ന് ദുആ ചെയ്യുന്നു. (ആമീൻ)

## കുടികിടപ്പ് ഒഴിവാക്കൽ - കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം

പള്ളിയുടെ തെക്കേപറമ്പിൽ താമസക്കാരുള്ളതിനാൽ വർഷങ്ങളായി ഈ ഭൂമി ശ്രദ്ധ ക്കപ്പെടാതെ ചതുപ്പായി കിടക്കുകയായിരുന്നു. ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് കാലങ്ങളായി കമ്മറ്റി താമസക്കാരുമായി കൂടിയാലോചിച്ച് വരുന്നതും പള്ളിയുടെ ഭൂസ്വത്ത് സംരക്ഷിക്കു ന്നതിന് ശ്രമിച്ച് വരുകയുമായിരുന്നു. കഴിഞ്ഞ പൊതുയോഗം ഈ വിഷയം സജീവമായി ചർച്ച ചെയ്യുകയും മഹല്ല് വക ഭൂമി അന്യാധീനപ്പെട്ട് പോകാതെ ഒഴിപ്പിച്ചെടുക്കാൻ മഹല്ല് കമ്മറ്റിയെ അധികാരപ്പെടുത്തിയിരുന്നതുമാണ്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ താമസക്കാരുമായി ചർച്ച നടത്തി അവരുടെ താമസം ഒഴിവാക്കുന്നതിന് നൽകേണ്ട സംഖ്യയെകുറിച്ച് സംസാരിക്കുകയും അവസാനം 10 ലക്ഷം രൂപ നൽകി ഈ ഭൂമിയിലുള്ള താമസക്കാരായ പരേതനായ കളിപ്പറമ്പിൽ അബ്ദുൽ ഖാദർ ഭാര്യ ബീഫാത്തിമയേയും കുടുംബത്തേയും ഒഴിവാക്കിയിട്ടുള്ള വിവരം മഹല്ല് നിവാസികളെ അറിയിക്കുന്നു. ലാഭന ഷ്ടങ്ങളുടെ കണക്കുകളേക്കാൾ ഉപരി മഹല്ലിന്റെ ഭൂസ്വത്തുക്കൾ സുരക്ഷിതമാക്കി എന്ന നേട്ടവും ഇക്കാര്യത്തിലുണ്ടായിട്ടുണ്ട് എന്ന് കമ്മറ്റി വിലയിരുത്തുന്നു.

ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ 2010ലെ പൊതുയോഗതീരുമാനപ്രകാരമുള്ള കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് പൂർത്തീകരിച്ചാൽ മഹല്ലിന് തൃപ്തികരമായ ഒരു സ്ഥിര വരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രിയരെ,

ചേരമാൻ ജുമാമസ്ജിദും, ലോകത്തിന് അതിനോടുള്ള കാഴ്ചപ്പാടും ദിനം പ്രതി മാറി വരികയാണ്. കാലത്തിന്റെ പ്രയാണത്തിൽ പള്ളിയുടെ വളർച്ചയിൽ ചരിത്ര സാക്ഷികളാകാൻ കഴിഞ്ഞതും ഇതാണ് ഇന്ത്യ ഉപഭൂഖണ്ഡത്തിലെ ആദ്യ ജുമാ മസ്ജിദെന്ന് ലോകത്തോട് അടിവരയിട്ട് വിളിച്ച് പറയാനും ലഭിച്ച അസുലഭ ഭാഗ്യവും ഇതിന്റെ കൈകാര്യകർത്താക്കളെന്ന നിലയിൽ ഞങ്ങൾക്ക് ലഭിച്ചതിൽ സർവ്വശക്തനോട് നന്ദി പറയുന്നു. ലോകത്തോളം വളർന്ന അല്ലാഹുവിന്റെ ഈ ഭവനം എക്കാലവും അതിന്റെ പ്രൗഢിക്ക് കോട്ടം വരാതെ സംരക്ഷിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വമാണ് ഈ മഹല്ലിനുള്ളത്.

ലോകത്തിന്റെ മുക്കിലും മൂലയിലും നിന്ന് പള്ളി സന്ദർസിക്കാനെത്തുന്നവരുടെ എണ്ണം നാൾക്കു നാൾ വർദ്ധിക്കുകയാണ്. റിപ്പോർട്ട് വർഷത്തിൽ ഒട്ടനവധി ലോകനേതാക്കൾ നമ്മുടെ പള്ളിയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. **റിട്ട. സുപ്രീം കോടതി ജസ്റ്റിസ് സിദ്ധീഖി, ആർച്ച് ബിഷപ്പ് ആലഞ്ചേരി, എം.ജി.എസ്. നാരായണൻ, നെതർലന്റ് അംബാസഡർ, ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈകമ്മീഷണർ, കേന്ദ്രമന്ത്രി വയലാർ, ശ്രീലങ്കയിലെ ജാഫ്നയിലെ മുൻമുഖ്യമന്ത്രി വരദരാജ പെരുമാൾ, ഇറാനിയൻ രാജകുടുംബ പ്രതിനിധികൾ ജമ്മുകാശ്മീരിലെ 10 എം.എൽ.എമാർ** തുടങ്ങിയവരുടെ നീണ്ട നിരതന്നെ പള്ളി സന്ദർശിക്കാൻ എത്തിയിട്ടുണ്ട്. മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരിയും സഭയിലെ 40ഓളം ബിഷപ്പുമാരും പള്ളിയിലെത്തിയതും നാമവരെ ഹാർദ്ദമായി സ്വീകരിച്ചാനയിച്ചതും ഈ മണ്ണിന്റെ മതേതര സംസ്കാരത്തിന്റെ തൊപ്പിയിൽ ചൂടിയ മറ്റൊരു പൊൻതൂവലായിരുന്നു. ജീവിതത്തിന്റെ നാനാതുറകളിലുള്ളവരും, വ്യത്യസ്ത മേഖലകളിൽ വ്യാപരിക്കുന്നവരും കൗതുകത്തോടെയും, അത്ഭുതത്തോടെയും ചേരമാൻ ജുമാ മസ്ജിദിന്റെ പഴമയേയും ചരിത്രത്തേയും നോക്കിക്കാണുന്നു.

1955ൽ വ്യവസ്ഥാപിതമായ ഒരു ഭരണ സംവിധാനം നിലവിൽ വരുമ്പോൾ 100 രൂപയിൽ താഴെമാത്രം വാർഷിക വരുമാനം ഉണ്ടായിരുന്ന നമ്മുടെ മസ്ജിദിന്റെ വാർഷിക വരുമാനം ഇപ്പോൾ 1 കോടിയിലേറെയായി വർദ്ധിച്ചിട്ടുണ്ട്. മറ്റു മഹല്ലുകൾ കൂടി നമ്മുടെ മഹല്ലിന്റെ പ്രവർത്തനങ്ങൾ മാതൃകയായി കാണാനും, നമ്മുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കാൻ തയ്യാറാകുന്ന ഘട്ടത്തിലേക്ക് കാലം പുരോഗമിച്ചിട്ടുണ്ട്. കുടുംബതർക്കങ്ങളും, വൈവാഹിക പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിന് പല മഹല്ല് കമ്മറ്റികളും നമ്മുടെ സഹായങ്ങളും ഉപദേശങ്ങളും സ്വീകരിക്കുന്നുണ്ട്. മഹല്ല് നടത്തി വരുന്ന കൗൺസിലിംഗ് ക്ലാസ്സ് മരണാനന്തര സഹായ ഫണ്ട് എന്നിവ മറ്റു മഹല്ലുകളുമുൾക്കൊണ്ട് നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. അതിനേക്കാളുപരി സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും സഹായങ്ങളും വാങ്ങിയെടുക്കാനുള്ള താല്പര്യം ഇക്കാലഘട്ടത്തിൽ നമ്മുടെ പ്രവർത്തനങ്ങൾകൊണ്ട് മറ്റ് മഹല്ലുകൾക്ക് ഉണ്ടായിട്ടുണ്ട്.

നമ്മുടെ മസ്ജിദിന്റെ ചരിത്ര പ്രാധാന്യവും സുരക്ഷയും കണക്കിലെടുത്ത് കേന്ദ്ര-സംസ്ഥാന ആഭ്യന്തര വകുപ്പുകൾ പല മുൻകരുതലുകളും എടുത്ത് വരുന്നുണ്ട്. ആയതിന്റെ ഭാഗമായി ജില്ലാ കളക്ടറേറ്റിൽ ഡി.ഐ.ജിയുടെ നേതൃത്വത്തിൽ മഹല്ല് കമ്മറ്റിയെകൂടി

ഉൾപ്പെടുത്തി മസ്ജിദിന്റെ സുരക്ഷതത്വം സംബന്ധിച്ച് അവലോകനയോഗം നടന്നിട്ടുള്ളതും സംസ്ഥാനത്തെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മസ്ജിദിൽ സുരക്ഷ ഓഡിറ്റിങ്ങും മോക് ഡ്രില്ലും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ സംസ്ഥാന രഹസ്യാന്വേഷണ വിഭാഗത്തിന്റെ നിതാന്ത ശ്രദ്ധയും നമ്മുടെ മസ്ജിദിലുണ്ട്. പള്ളിയുടെ സുരക്ഷിതത്വത്തിന്റെ ഭാഗമായി മഹല്ല് കമ്മറ്റി സംസ്ഥാന ആഭ്യന്തര വകുപ്പിനെ വിശദമായ നിവേദനം സമർപ്പിച്ചിട്ടുള്ളതും അടിയന്തിരമായി മസ്ജിദിന് സമീപം പോലീസ് ഔട്ട്പോസ്റ്റും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട ദിവസങ്ങളിൽ പോലീസ് സംരക്ഷണം പള്ളിക്ക് ഏർപ്പെടുത്തുന്നുണ്ടെങ്കിലും സ്ഥിരമായ പോലീസ് സംവിധാനം ഉണ്ടാകണമെന്നാണ് കമ്മറ്റി ആഗ്രഹിക്കുന്നത്. ചേരമാൻ ജുമാമസ്ജിദിന്റെ പഴയ പടം ലാമിനേറ്റ് ചെയ്ത് സംസ്ഥാന ആഭ്യന്തര വകുപ്പിൽ ഉയർന്ന ഓഫീസുകളിൽ ഈ വർഷം സ്ഥാപിച്ചിട്ടുണ്ട്.

മഹല്ലിന്റെ അടുത്ത 2 വർഷത്തേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് മുന്നോടിയായ പൊതുയോഗത്തിലാണ് നാമിപ്പോൾ. സർവ്വശക്തനിൽ നിന്നും അർഹമായ പ്രതിഫലം ലഭിക്കുന്ന നിരവധി കാര്യങ്ങൾ ഈ മഹല്ലിന് വേണ്ടി ചെയ്യുവാൻ ഇനിയും അവശേഷിക്കുന്നു. കൂടാതെ പുതിയ പദ്ധതികളും നാം കണ്ടെത്തേണ്ടതുണ്ട്, നമ്മുടെ പുതിയ ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതുമുണ്ട്. വ്യക്തമായ ആസൂത്രണങ്ങളും, സമയബന്ധിതമായ പ്രവർത്തനങ്ങളും അനിവാര്യമാണ്. ഉണർന്ന് പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചതിനാൽ നാം കൂടുതൽ ജാഗരൂകരാകേണ്ടിയിരിക്കുന്നു. ആയതിനുള്ള ശേഷിയും ആർജ്ജവവും അടുത്ത ഭരണസമിതിക്കുണ്ടാവട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം മാത്രം കാംക്ഷിച്ച് ഇതിന്റെ സാരഥ്യം വഹിക്കാനുള്ള മനസ്സുണ്ടാകട്ടെയെന്നും ദുആ ചെയ്യുന്നു.

**1. മദ്രസ്സാഗ്രാന്റിന്റെ ശേഷിച്ച 7 ലക്ഷം രൂപ വാങ്ങിയെടുക്കൽ, 2. മദ്രസ്സഗ്രാന്റിന്റെ 2011-2012 വർഷത്തെ ഗ്രാന്റിനായി ശ്രമിക്കൽ, 3. അന്തർദേശീയ നിലവാരത്തിലേക്ക് ഇസ്ലാമിക പൈതൃക മ്യൂസിയം വികസിപ്പിക്കൽ, 4. മസ്ജിദിന് മുൻവശത്തെ എൻ.എച്ച്.-17ലെ കാനനിർമ്മാണം, 5. മസ്ജിദിന് സമീപം പോലീസ് ഔട്ട്പോസ്റ്റ്, 6. പള്ളിയുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കൽ, 7. ബൃഹത്തായ സമൂഹവിവാഹ പദ്ധതി, 8. കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കൽ, 9. വടക്കേ പറമ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ, 10. മസ്ജിദിന്റെ ഭൂപ്രമാണങ്ങൾ സമ്പാദിക്കൽ, 11. പുരാതന മസ്ജിദിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ, 12. അകത്തെ പള്ളിയുടെ മെയിന്റനൻസ് ജോലികൾ, 13. ഓഫീസിന്റെ നവീകരണം, 14. ലൈബ്രറിയുടെ ആധുനികവൽക്കരണം** അങ്ങനെ ഒട്ടനവധി കാര്യങ്ങൾ പുതിയ ഭരണസമിതിക്ക് മുമ്പിലുണ്ട്. ഒന്നുപോലും വീഴ്ച വരുത്തിയാൽ നമ്മെ സംബന്ധിച്ച് തീരാ നഷ്ടമാകുമെന്നതിനാൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുവാൻ റബ്ബ് തൗഫീക് നൽകട്ടെ മറ്റെല്ലാത്തിനുമുപരിയായി നാം ബോധപൂർവ്വം വളർത്തിക്കൊണ്ടുവന്ന മതേതര സംസ്കാരവും, സമൂഹം നമുക്കേൽപ്പിച്ച് തന്ന അതിന്റെ നേതൃത്വവും വിടർന്ന കണ്ണുകളോടെ കാത്തുസൂക്ഷിക്കാനും കരുതലോടെ പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ 15 വർഷത്തെ കമ്മറ്റിയുടെ സേവനം ഈ മഹല്ലിന്റെ ഉന്നമനം മാത്രം മുന്നിൽകണ്ടായിരുന്നു. അതിന് സർവ്വശക്തന്റെ പ്രതിഫലം മാത്രമേ ഞങ്ങൾ ആഗ്രഹിച്ചിട്ടുള്ളു.

പ്രവർത്തനങ്ങൾ മനുഷ്യസഹജമായതിനാൽ ബോധപൂർവ്വമല്ലാതെ സംഭവിച്ചിട്ടുള്ള വീഴ്ച കൾക്ക് ലോകരക്ഷിതാവിനോട് മാപ്പിരക്കുന്നു. ഞങ്ങളുടെ പ്രവർത്തന കാലഘട്ടത്തിൽ മഹല്ല് അംഗങ്ങളോട് എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പൊറുത്ത് തരണമെന്നും അപേക്ഷിക്കുന്നു. ഞങ്ങളോട് സഹകരിച്ച എല്ലാ മഹല്ല് അംഗങ്ങളോടും, പണ്ഡിതരോടും, മഹല്ല് ഉദ്യോഗസ്ഥരോടും, സർക്കാർ ഉദ്യോഗസ്ഥരോടും, ജനപ്രതിനിധികളോടും നന്ദിരേ ഖപ്പെടുത്തികൊണ്ട് മഹല്ല് പൊതുയോഗത്തിന്റെ ചർച്ചക്കായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിശ്വസ്തയോടെ....
(ഒപ്പ്)
എസ്.എ. അബ്ദുൽ ഖയ്യൂം
സെക്രട്ടറി

## ചേരമാൻ ജുമാ മസ്ജിദ് 2011 – 2012 സപ്ലിമെന്ററി ബഡ്ജറ്റ് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| നമ്പർ | ഇനം | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| 1 | നോമ്പ് തുറക്കൽ | 3,50,000 | 5,60,708 | 2,10,708.00 |
| 2 | മദ്രസ്സകൾ | 2,00,000 | 6,99,719 | 4,99,719.00 |
| 3 | ശമ്പളം, അലവൻസ് | 18,00,000 | 20,90,805 | 2,90,805.00 |
| 4 | മദ്രസ്സ ഗ്രാന്റ് | 70,000 | 1,21,500 | 51,500.00 |
| 5 | പൊതുയോഗം | 30,000 | 42,475 | 12,474.00 |
| 6 | മെസ്സ് | 1,75,000 | 1,76,697 | 1,697.00 |
| 7 | വഖഫ് ബോർഡ് | 1,00,000 | 1,04,172 | 4,172.00 |
| 8 | നികുതി | 600 | 31,615 | 31,015.00 |
| 9 | പത്രം | 10,000 | 10,867 | 867.00 |
| 10 | മദ്രസ്സ ട്യൂഷൻ | 3,75,000 | 5,56,500 | 1,81,500.00 |
| 11 | ഇതര മഹല്ലംഗങ്ങൾക്കുള്ള സഹായം | 25,000 | 47,500 | 22,500.00 |
| 12 | മസ്ജിദ് | 3,50,000 | 18,05,716 | 14,55,716.00 |
| | | | ആകെ | 27,62,673.00 |

*വിശ്വസ്തതയോടെ,*
**മഹല്ല് കമ്മറ്റിക്ക് വേണ്ടി,**
**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ  മഹല്ല് കമ്മറ്റി

## കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് ഭരണ സമിതിയുടെ 01-04-2011 മുതൽ 31-03-2012 വരെയുള്ള കാലയളവിലെ

# ഓഡിറ്റ് റിപ്പോർട്ട്

ചേരമാൻ ജുമാമസ്ജിദ് മഹല്ല് ഭരണസമിതിയുടെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകളും താഴെ പറയുന്ന രേഖകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

1. രശീതി ബുക്ക്
2. വൗച്ചർ
3. പേരേട്
4. നാൾവഴി
5. മഖ്ബറ രശീതി, കൂപ്പൺ, നാൾവഴി
6. വിവാഹ സഹായനിധി രശീതി, നാൾവഴി, വൗച്ചർ
7. ബാങ്ക് പാസ്ബുക്ക്
8. മിനിറ്റ്സ് ബുക്ക്
9. ലോൺ രജിസ്റ്റർ
10. വാടക രജിസ്റ്റർ
11. ഗോൾഡ് രജിസ്റ്റർ
12. അകിറ്റൻസ് രജിസ്റ്റർ
13. അറ്റൻൻസ് രജിസ്റ്റർ
14. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്, സമൂഹവിവാഹം എന്നിവയുടെ വൗച്ചർ, രശീതി, നാൾവഴി

മേൽരേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു. പരിശോധിച്ച കണക്കുകളിൽ കാര്യമായ അപാകതകൾ ഇല്ല എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ശ്രദ്ധയിൽപെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. മസ്ജിദിന്റെ മുൻവശത്ത് നമസ്ക്കാര സൗകര്യം വർദ്ധിപ്പിക്കുന്നതിന് മൂന്ന് പ്രാവശ്യമായി വൗച്ചർ നമ്പർ 9/11 02-04-2011, വൗച്ചർ നമ്പർ 52/11 09-04-2011, വൗച്ചർ നമ്പർ 84/11 16-04-2011 പ്രകാരം 4,200 രൂപ ചിലവിൽ ഷാമിയാന വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. അതിനടുത്ത മാസം തന്നെ മസ്ജിദ് ഫണ്ട് ഉപയോഗിച്ച് സ്വന്തമായി ഷാമിയാന വാങ്ങിയിട്ടുണ്ട്. ആവശ്യം മുൻകൂട്ടി മനസ്സിലാക്കി

1. പഴയ പള്ളിയുടെ അറ്റകുറ്റപണികൾക്കായി മുകളിലെ നില താൽക്കാലികമായി അടച്ചതിനാലും, വേഗത്തിൽ പണിപൂർത്തീകരിക്കുമെന്ന വിശ്വാസത്തിലുമാണ് നമസ്ക്കാര സൗകര്യത്തിനായി ഷാമിയാന വാടകയ്ക്കെടുത്ത് ഉപയോഗിച്ചത്. എന്നാൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്യവും പണച്ചെലവും നിർമ്മാണത്തിന് ആവശ്യമുള്ളതിനാൽ പണികൾ തുടങ്ങാൻ വൈകുമെന്ന് മനസ്സിലായതിന്റെ അടിസ്ഥാന

ഷാമിയാന വാങ്ങുകയായിരുന്നുവെങ്കിൽ വാടകയിനത്തിലെ നഷ്ടം ഒഴിവാക്കാമായിരുന്നു.

2. മസ്ജിദ് കോമ്പൗണ്ടിലെ പുൽമേടും, തോട്ടവും മെയിന്റനൻസ് ചെയ്യുന്നതിന് നല്ലൊരു സംഖ്യ ഓരോ റിപ്പോർട്ട് വർഷവും ചിലവാകുന്നുണ്ട്. ഈ പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കുന്നതാണ് ഉചിതം.

3. മദ്രസ്സാ വിദ്യാർത്ഥികളുടെ മധ്യവേനൽ ഉല്ലാസയാത്രക്ക് വാഹന വാടക, ഭക്ഷണ ചിലവ്, തുടങ്ങിയ ഇനത്തിൽ 19,961 രൂപ മസ്ജിദ് ഫണ്ടിൽ നിന്നും ഉപയോഗിച്ചിട്ടുണ്ട്. മസ്ജിദ് പരിപാലനത്തിന് ഏൽപ്പിക്കപ്പെടുന്ന സംഖ്യ ഇപ്രകാരം ഉല്ലാസയാത്രക്ക് ഉപയോഗിക്കുവാൻ പാടില്ലാത്തതും ഭരണസമിതി ഇക്കാര്യത്തിൽ ജാഗ്രത പാലിച്ചില്ലെന്നും മനസ്സിലാകുന്നു.

4. സാംസ്കാരിക സംഘടനകൾ, ക്ലബ്ബുകൾ, തുടങ്ങിയവയുടെ ആഘോഷങ്ങൾക്കും പരിപാടികൾക്കും റിപ്പോർട്ട് വർഷം 4,500 രൂപയോളം സംഭാവനയായി നൽകിയിട്ടുണ്ട്. മസ്ജിദ് ഫണ്ട് ഇത്തരത്തിൽ ഉപയോഗിക്കാൻ പാടുണ്ടോ എന്ന് ആലോചിക്കേണ്ടതാണ്.

5. പള്ളിയുടെ തെക്കേ കെട്ടിടത്തിലെ ചോർച്ച മാറ്റുന്നതിനായി ട്രസ്റ്റ് വർക്ക് ചെയ്തതിന് 8-6-2011ൽ വൗച്ചർ നമ്പർ 493/11 പ്രകാരം 34,500 രൂപ ചിലവ് ചെയ്തിട്ടുണ്ട്. ടി കെട്ടിടം ഇപ്പോൾ പൊളിച്ചുപണിയുന്നതിനാൽ മേൽചിലവ് ഒഴിവാക്കി തൽക്കാലികമായ സംവിധാനം ചെയ്യാമായിരുന്നു. ഇക്കാര്യത്തിലും ആവശ്യമായ ശ്രദ്ധ കമ്മിറ്റിക്കുണ്ടായിട്ടില്ല.

ത്തിൽ ഷാമിയാന വാങ്ങുകയും വാടക ചിലവ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ അശ്രദ്ധ ഉണ്ടായിട്ടില്ലെന്നുമറിയിക്കുന്നു.

2. ഓഡിറ്റ് പരമാർശത്തെകുറിച്ച് കമ്മറ്റി ആലോചിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

3. ഓഡിറ്റ് പരമാർശം തികഞ്ഞ ഗൗരവത്തോടെ മഹല്ല് കമ്മറ്റി കാണുന്നു. സ്റ്റാഫ് യോഗത്തിന്റെ നിരന്തര ശുപാർശ പ്രകാരമാണ് ഇത്തരമൊരു തീരുമാനമെടുത്തത്. പല മദ്രസ്സകളും അവധിക്കാലങ്ങളിൽ പഠന വിനോദയാത്രകൾ സംഘടിപ്പിക്കുന്നതും നമ്മുടെ മസ്ജിദിൽ വന്നുപോകുന്നതും സാധാരണമാണ്. ആയതുകൊണ്ടാണ് പി.ടി.എ., സ്റ്റാഫ് മീറ്റിംഗുകളുടെ ശുപാർശ അംഗീകരിച്ചത്. ഇതിൽ അപാകതയുണ്ടെങ്കിൽ കമ്മറ്റി പരിശോധിക്കുന്നതാണ്.

4. മഹല്ലിന്റെ പൊതുതാല്പര്യഫണ്ടിൽ നിന്നുള്ള സംഖ്യയാണ് ഇതിന് ഉപയോഗിച്ചത്.

5. പരാമർശത്തിലുള്ള കെട്ടിടം കാലപ്പഴക്കംകൊണ്ട് ചോർന്ന് ഒലിക്കുകയും കച്ചവടം ചെയ്യാനാകാത്ത വിധം സാധനങ്ങൾ നശിച്ച് കച്ചവടക്കാരന് നിരന്തര നഷ്ടങ്ങളുണ്ടാകുന്നതും പതിവായിരുന്നു. വാടകക്കാരന്റെ തുടർച്ചയായ നിവേദനങ്ങളുടെ അടിസ്ഥാനത്തിലാണ് മറ്റ് താൽക്കാലിക പണികൾ പ്രായോഗികമല്ലാത്തതിനാലുമാണ് ട്രസ്റ്റ് വർക്ക് ചെയ്തത്. ടി നിർമ്മാണത്തിന് ശേഷമാണ് തെക്കേ പറമ്പ് ഒഴിപ്പിച്ചെടുത്തതും

കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിച്ചതും. ടി കാര്യത്തിൽ ബോധപൂർവ്വം പാഴ്ചെലവ് വരുത്തിയിട്ടില്ലെന്ന് അറിയിക്കുന്നു.

6. മസ്ജിദ് പുനർനിർമ്മാണാവശ്യത്തിനായി മണ്ണ് ടെസ്റ്റ് ചെയ്തതുൾപ്പെടെയുള്ള ചിലവുകൾക്ക് 44,690 രൂപ ചിലവ് ചെയ്തിട്ടുണ്ട്. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ലഭ്യമായ രേഖകളിൽ നിന്ന് മനസ്സിലാകുന്നില്ല.

6. പുനരുദ്ധാരണത്തിന്റെ വിവിധ പ്ലാനുകളും നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തിക സ്ത്രോസ്സുകളെ കുറിച്ചും കമ്മറ്റി നിരന്തരമായി ചർച്ച നടത്തിവരുന്നുണ്ട്. തീർച്ചയായും പൊതുയോഗ തീരുമാനങ്ങൾ നടപ്പിലാക്കാൻ കമ്മറ്റി പ്രതിജ്ഞാബദ്ധമാണ്. ടി. കാര്യത്തിൽ യാതൊരുവിധ അനാസ്ഥയും വരുത്തിയിട്ടില്ലെന്ന് അറിയിക്കുന്നു.

7. മഹല്ലിന് 6 ബാങ്ക് അക്കൗണ്ടുകൾ നിലവിലുള്ളപ്പോൾ ഫെഡറൽ ബാങ്കിൽ പുതിയതായി ഒരു എസ്.ബി. അക്കൗണ്ട് ആരംഭിച്ചതായി കാണുന്നു. ബാങ്ക് അക്കൗണ്ടുകൾ പരമാവധി ചുരുക്കണമെന്ന ഓഡിറ്റ് നിർദ്ദേശം നിലനിൽക്കെയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

7. മദ്രസ്സ ഗ്രാന്റായി സർക്കാർ അനുവദിച്ചിട്ടുള്ള ഡ്രാഫ്റ്റുകൾ ഓരോ മദ്രസ്സകളുടെയും പേരിലായിരുന്നു. മഹല്ലിന്റെ ഉടമസ്ഥതയിലുള്ള മദ്രസ്സകൾക്ക് ലഭിക്കുന്ന എല്ലാ ചെക്കുകളും ഡ്രാഫ്റ്റുകളും മാറ്റിയെടുക്കുന്നതിനാണ് പുതിയ അക്കൗണ്ട് ആരംഭിച്ചത്. മഹല്ലിന്റെ നിലവിലുള്ള അക്കൗണ്ടുകളിൽ ഈ ഡ്രാഫ്റ്റുകൾ മാറാൻ കഴിയുമായിരുന്നില്ല. കൂടാതെ നെറ്റ് ബാങ്കിംഗ് സൗകര്യവും പുതിയ അക്കൗണ്ടിലുണ്ട്.

8. 8-09-2011ൽ കൂടിയ മഹല്ല് കമ്മിറ്റിയുടെ 18-ാം നമ്പർ തീരുമാനപ്രകാരം പർച്ചെയ്സിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുടർന്നുള്ള ദൈനംദിന ചിലവുകളുടെ പണം മഹല്ല് കമ്മിറ്റി അംഗങ്ങൾ വൗച്ചർ ഒപ്പിട്ട് വാങ്ങി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു. സാധനങ്ങൾ വാങ്ങുമ്പോൾ ബന്ധപ്പെട്ടവരിൽ നിന്നുള്ള ബില്ലുകളോ വൗച്ചറുകളോ ആണ് സൂക്ഷിക്കേണ്ടത്. ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്. മഹല്ല് കമ്മിറ്റി അംഗങ്ങൾ പണം കൈപ്പറ്റുന്നത് തീർത്തും ഒഴിവാക്കേണ്ടതാണ്.

8. പരാമർശം ശരിയാണ്. മൽസ്യം, ഇറച്ചി തുടങ്ങിയവ വാങ്ങുന്നതിന് ബില്ലുകൾ ലഭിക്കാറില്ല. കമ്മറ്റി മെമ്പർമാർ വൗച്ചർ ഒപ്പിട്ട് പണം കൈപ്പറ്റുന്നത് തീർത്തും ഒഴിവാക്കിയിട്ടുണ്ട്. മേലിൽ കൂടുതൽ ശ്രദ്ധിക്കുന്നതാണ്.

9. നോമ്പ് തുറക്കൽ ചിലവുകളിൽ പലഹാരങ്ങൾ വാങ്ങുന്നതിന് നല്ലൊരു സംഖ്യ വർഷംതോറും ചിലവ് വരുന്നുണ്ട്. പള്ളിയിലെ സംവിധാനങ്ങൾ ഉപയോഗിച്ച് ഇവിടെതന്നെ പലഹാരങ്ങൾ പാകപ്പെ

9. പരാമർശം പരിഗണിക്കാവുന്നതാണ്.

ടുത്തുകയാണെങ്കിൽ അധികചിലവ് ഒഴിവാക്കാവുന്നതാണ്.

10. മദ്രസ്സ ട്യൂഷൻ വാഹനത്തിന്റെ വാടക പല മാസങ്ങളിലും രണ്ടിലധികം പ്രാവശ്യം അഡ്വാൻസ് കൈപ്പറ്റിയതായി കാണുന്നു. മാസത്തിൽ ഒരു പ്രാവശ്യം മാത്രമേ അഡ്വാൻസ് നൽകുവാൻ പാടുള്ളു.

10. ഓഡിറ്റ് പരാമർശം പരിഗണിക്കുന്നതാണ്.

11. ഓരോ മാസത്തേയും 15-ാംതിയ്യതിക്ക് ശേഷം മാത്രമേ ജീവനക്കാർക്ക് ശമ്പളം അഡ്വാൻസ് നൽകാൻ പാടുള്ളുവെന്ന് ഓഡിറ്റ് നിർദ്ദേശം ഉള്ളതും പൊതുയോഗം അംഗീകരിച്ചതുമാണ്. എന്നിട്ടും ഈ വർഷവും 15-ാം തിയ്യതിക്ക് മുമ്പ് പലരും അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ട്.

11. അസാധാരണ ഘട്ടത്തിൽ മാത്രമാണ് ഇപ്രകാരം ചെയ്തിട്ടുള്ളത് മേലിൽ കർശനമായി ഒഴിവാക്കുന്നതാണ്.

12. പുതുതായി നിയമിതനായ ഇമാമിന് 2011 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ശമ്പളത്തിന് പുറമെ സ്പെഷ്യൽ അലവൻസ് നൽകിയതായി കാണുന്നു. ശമ്പളസ്കെയിൽ പുതുക്കുന്നതിന് മുമ്പ് പുതിയ നിയമനത്തിന് ഇപ്രകാരം വർദ്ധനവ് നൽകിയതിന്റെ കാരണം വ്യക്തമാകുന്നില്ല. സ്പെഷ്യൽ അലവൻസ് ലഭിക്കുന്നതിനോ ശമ്പളം വർദ്ധിപ്പിക്കുന്നതിനോ ആവശ്യമായ അപേക്ഷയില്ലാതെയാണ് ഇപ്രകാരം അലവൻസ് നൽകിയിട്ടുള്ളത്. 15-09-2011ൽ നിയമിതനായ ഇദ്ദേഹത്തിന് പ്രതിമാസം 8,000 രൂപ ശമ്പളവും 4,000 രൂപ അലവൻസും നൽകിയിട്ടുണ്ട്. മാത്രമല്ല, 2011 ജനുവരിയിലെ ശമ്പളവർദ്ധനവിൽ ടിയാന് വീണ്ടും ശമ്പളം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. മസ്ജിദിലെ ഇമാം തസ്തികയിൽ ജോലി ചെയ്യുന്ന ദീർഘകാലമായി സർവ്വീസിലുള്ള ആൾക്ക് നൽകുന്ന പ്രതിമാസ ശമ്പളം 10,000 രൂപയാണെന്നത് പരിശോധനയിൽ വ്യക്തമാകുന്നു. ഇതിന്റെ മാനദണ്ഡം വിശദീകരിക്കേണ്ടതും അനോമലി പരിഹരിക്കേണ്ടതാണ്.

12. പുതുതായി നിയമനം നൽകിയ ഇമാമിന് മഹല്ലിന്റെ പ്രീമാരിറ്റൽ കൗൺസിലിംഗ് ക്ലാസ്, പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ് ക്ലാസ്സ് തുടങ്ങിയവയുടെ അധിക ചുമതലകൾ കൂടി ഉള്ളതിനാലാണ് ഇപ്രകാരം അലവൻസ് നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ അപാകതകൾ ഉണ്ടെങ്കിൽ കമ്മറ്റി പരിശോധിക്കുന്നതാണ്.

13. മസ്ജിദിൽ ഇപ്പോൾ 8 മലയാള പത്രങ്ങൾ വാങ്ങുന്നുണ്ട്. ഇത് ചുരുക്കി

13. പരാമർശം പരിഗണിക്കുന്നതാണ്.

ഒന്നോ രണ്ടോ പത്രമാക്കേണ്ടതാണ്.

14. മദ്രസ്സകളിലെ ഇൻവെർട്ടർ ബാറ്ററികൾ ഒന്നിലധികം പ്രാവശ്യം സർവ്വീസ് ചെയ്യുന്നതായി കാണുന്നു. കൈകാര്യം ചെയ്യുന്നതിൽ ഉദാസീനത ഇത്തരം ചിലവുകൾക്ക് കാരണമാകുന്നു.

14. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണ്.

15. 3-10-2011 കൂടിയ മഹല്ല് കമ്മറ്റിയുടെ 2-ാം നമ്പർ തീരുമാനത്തിൽ വി.പി തുരുത്ത് മസ്ജിദിലെ വരവിനങ്ങൾ മാസാന്ത്യ സ്റ്റേറ്റ്മെന്റിൽ കാണുന്നില്ലെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയും ബന്ധപ്പെട്ട അദ്ധ്യാപകന് നോട്ടീസ് അയച്ചതായും കാണുന്നു. മുൻവർഷങ്ങളിലെ വരവിനങ്ങളിൽ വി.പി. തുരുത്ത് മദ്രസ്സയുടെ പേരിൽ വരവുണ്ടായിരുന്നതും കമ്മറ്റി വിലയിരുത്തിയിട്ടുണ്ട്. അദ്ധ്യാപകന് നൽകിയ നോട്ടീസും ടിയാൻ കമ്മറ്റിക്കു നൽകിയ മറുപടിയും മഹല്ല് കമ്മറ്റി മെമ്പർ ഒപ്പിട്ടു നൽകിയ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ മഹല്ല് കമ്മറ്റി ചെയ്യേണ്ട കാര്യങ്ങൾ കമ്മറ്റിയുടെ അറിവോ, സമ്മതമോ ഉത്തരവാദിത്വമോ ഇല്ലാതെ മറ്റാരോ ചെയ്തതായി കാണുന്നു. ടി കാര്യം കമ്മറ്റിക്ക് ബോധ്യപ്പെട്ടിട്ടും മേൽ നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നുമില്ല. മഹല്ല് സ്വത്തുക്കളുടെ കൈകാര്യം മഹല്ല് കമ്മറ്റി വഴിയായിരിക്കേണ്ടതാണ്. മേൽകാര്യത്തിൽ ബന്ധപ്പെട്ടവരിൽ നിന്ന് വ്യക്തമായ വിശദീകരണം ആവശ്യമാണ്.

15. വി.പി. തുരുത്ത് മസ്ജിദിലെ വരവിനങ്ങളെ സംബന്ധിച്ച് മഹല്ല് കമ്മറ്റി ചർച്ച നടത്തിയിരുന്നത് ബന്ധപ്പെട്ടവർക്ക് വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിരുന്നതും തൃപ്തികരമായ മറുപടി ലഭിച്ചിട്ടുള്ളതുമാണ്. കൂടാതെ കമ്മററി മെമ്പർ ടി കാര്യം പരിശോധിച്ച് വ്യക്തമായ റിപ്പോർട്ട് നൽകിയിട്ടുള്ളതും കമ്മറ്റിക്ക് ആയതിന്റെ സത്യസന്ധത ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. മെയിന്റനൻസ് പണികളും മറ്റു ചിലവുകളും മഹല്ല് കമ്മറ്റി വഴി മാത്രമേ ചെയ്യാവു എല്ലാ പ്രാദേശിക മദ്രസ്സകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

16. പ്രാദേശിക മദ്രസ്സകൾ കേന്ദ്രീകരിച്ച് ഈ വർഷത്തെ നബിദിനാഘോഷം ജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിച്ച് വിപുലമായി നടത്തിയിട്ടുള്ളതായി മനസ്സിലാക്കുന്നു. മഹല്ല് കമ്മറ്റിയുടെ നേതൃത്തിലുള്ള ടി സ്ഥാപനങ്ങളിലെ വരവ് ചിലവ് കണക്കുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സാമ്പത്തിക കാര്യങ്ങളിൽ അച്ചടക്കവും സുതാര്യതയും ഉറപ്പ് വരുത്തേണ്ട കമ്മറ്റി ഇക്കാര്യ

16. ബന്ധപ്പെട്ട പ്രാദേശിക കമ്മറ്റികളിൽ നിന്ന് വരവ്-ചിലവ് കണക്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

ത്തിൽ അതീവ ഗുരുതരമായ വീഴ്ച യാണ് വരുത്തിയിട്ടുള്ളത്. മേൽകണക്കുകൾ എത്രയും വേഗം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

17. മഹല്ല് ഭരണഘടന പ്രകാരം കമ്മറ്റി നിർവ്വഹിക്കുന്ന വുളുഹിയത്തിന് പുറമെ മഹല്ലിന്റെ ഇതരഭാഗങ്ങളിൽ വുളുഹിയത്തിനു വേണ്ടിയുള്ള പിരിവുകൾ വ്യാപകമായി നടക്കുന്നതായി ആഡിറ്റ് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മഹല്ലിന്റെ കൂട്ടായ്മയെ ഇല്ലാതാക്കാൻ മാത്രമേ ഇത് ഉപകരിക്കൂ. മാത്രമല്ല ജനങ്ങളിൽ നിന്നും പിരിക്കുന്ന സംഖ്യയുടെ കണക്കുകൾ പ്രസിദ്ധീകരിക്കാതിരിക്കുന്നതും നിയമവിരുദ്ധമാണ്. മഹല്ല് കമ്മറ്റിയുടെ അനുമതിയില്ലാതെ പിരിവെടുത്ത് വുളുഹിയത്ത് നടത്തുന്നത് മഹല്ല് കമ്മറ്റി കർശനമായി നിയന്ത്രിക്കേണ്ടതും ഇത്തരത്തിൽ നടത്തിയിട്ടുള്ള പിരിവുകളുടെ കണക്കുകൾ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

17. ടി കാര്യം മഹല്ല് പൊതുയോഗം ചർച്ച ചെയ്യേണ്ടതാണ്. പ്രാദേശിക കമ്മറ്റികളിൽ വരവ് ചിലവ് കണക്കുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

18. 23-01-2012ലെ റെസീറ്റ് നമ്പർ 00629ൽ വരവ് സംഖ്യ 150 രൂപ യഥാസമയം നാൾവഴിയിൽ ചേർത്തതായി കാണുന്നില്ല.

18. യഥാസമയം ചേർക്കാൻ വിട്ടുപോയതാണ്. 31-03-2012ൽ ടി വരവ് ചേർത്തിട്ടുണ്ട്.

19. 11-02-2012 ൽ റസീറ്റ് നമ്പർ 001393ലെ വരവ് സംഖ്യ 60 രൂപ യഥാസമയം നാൾവഴിയിൽ ചേർത്തതായി കാണുന്നില്ല.

19. യഥാസമയം ചേർക്കാൻ വിട്ടുപോയതാണ്. 31-03-2012ൽ ടി വരവ് ചേർത്തിട്ടുണ്ട്.

20. 2010-2011 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ലൈബ്രറി സംബന്ധമായ 6-ാം നമ്പർ പരാമർശത്തിൽ മറുപടിയായി ഈ സാമ്പത്തിക വർഷം മികച്ച ലൈബ്രറി തുടങ്ങുമെന്ന് കമ്മറ്റി മറുപടി നൽകിയിരുന്നുവെങ്കിലും തുടങ്ങിയില്ല എന്നുമാത്രമല്ല നിലവിലുള്ള ലൈബ്രറി പ്രവർത്തിക്കുന്നില്ലെന്നുമാണ് മനസ്സിലാക്കുന്നത്.

20. തെക്കേ പറമ്പിലെ കുടികിടപ്പ് ഒഴിവാക്കൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഉള്ളതിനാൽ ലൈബ്രറി സംവിധാനം ആധുനികവൽക്കരിക്കാൻ ഈ വർഷം കഴിഞ്ഞില്ല. അടുത്ത കമ്മറ്റി ടി കാര്യത്തിൽ മുൻഗണന നൽകുമെന്ന് വിശ്വസിക്കുന്നു.

21. മഹല്ല്വക കെട്ടിടങ്ങളുടെ വാടക യഥാസമയങ്ങളിൽ പിരിച്ചെടുക്കാതെ വീഴ്ച വരുത്തുന്നത് പതിവായിട്ടുണ്ട്. അഞ്ചും ആറും മാസങ്ങളിലെ വാടക ഫെബ്രു

21. ടി കാര്യം കൂടുതൽ ശ്രദ്ധിക്കുന്നതാണ്.

വരി മാർച്ച് മാസങ്ങളിലാണ് ഈടാക്കിയിട്ടുള്ളത്. വാടക പിരിക്കുന്നതിൽ കമ്മറ്റി ഉദാസീനതയാണ് കാണിക്കുന്നത്. വാടക യഥാസമയം അടക്കാത്ത, വാടകക്കാരെ ഒഴിവാക്കാൻ തീരുമാനമെടുക്കേണ്ടതാണ്.

22. രശീതി സ്റ്റോക്ക് രജിസ്റ്ററും, മഖ്ബറ കൂപ്പൺ റജിസ്റ്ററും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഒപ്പുവെച്ചിട്ടില്ല.

22. സ്റ്റോക്ക് രജിസ്റ്ററുകൾ സെക്രട്ടറി ഒപ്പിട്ട് സൂക്ഷിച്ചിട്ടുണ്ട്. മേലിൽ കൃത്യമായി ചെയ്യുന്നതാണ്.

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 2010-2011 സാമ്പത്തിക വർഷത്തിൽ 1,62,150 രൂപ വിദ്യാഭ്യാസ സഹായമായി നൽകിയിട്ടുണ്ട്. അപേക്ഷ നൽകിയവർക്കെല്ലാം സഹായം നൽകുന്ന പ്രവണതയാണ് നിലവിലുള്ളത്. പഠിക്കാൻ മിടുക്കരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സ്ഥിതി മാത്രം പരിഗണിച്ച് മഹല്ല് ഫണ്ടിൽ നിന്ന് സഹായം അനുവദിക്കുന്നതാണ് ഉചിതം. ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടികളെ മാത്രമെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് പരിഗണിക്കാൻ പാടുള്ളൂ.
2. അന്യ മഹല്ല് അംഗങ്ങൾക്കുള്ള സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തിയതിന്റെ ഇരട്ടിയോളമായി നൽകിയിട്ടുണ്ട്. നിയന്ത്രണം അനിവാര്യമാണ്.
3. പുരകെട്ടിമേയൽ അപേക്ഷകരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നിലവിലുള്ള അപേക്ഷകർക്ക് പുരനിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് കമ്മറ്റി നടപ്പിലാക്കാവുന്നതാണ്.
4. ഓരോ ദിവസങ്ങളിലേയും വരവ് സംഖ്യ പിറ്റേദിവസം തന്നെ ബാങ്കിലടക്കേണ്ടതും, 5000 രൂയിൽ കൂടുതൽ വരുന്ന പെയ്മെന്റുകൾ ചെക്കായി നൽകേണ്ടതുമാണ്. ചിലവ് സംഖ്യകൾ ബാങ്കിൽ നിന്നും വരവ് ചേർത്ത് ഉപയോഗിക്കാവുന്നതുമാണ്.
5. കണക്കുകൾ അതാത് ദിവസം സെക്രട്ടറി പരിശോധിച്ച് പേയ്മെന്റുകൾ പാസ്സാക്കേണ്ടതും ബാലൻസ് സംഖ്യ ചുവന്ന മഷിയിൽ രേഖപ്പെടുത്തി സെക്രട്ടറി ഒപ്പുവെയ്ക്കേണ്ടതുമാണ്.
6. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് നിർദ്ദേശങ്ങളിലെ 3-ാം നമ്പർ തീരുമാനപ്രകാരം മഖ്ബറയിലെ കൂപ്പൺ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കണക്കുകൾ പരിശോധിക്കാൻ കൂടുതൽ എളുപ്പമായിട്ടുണ്ടെന്ന് മാത്രമല്ല ഓഫീസിലെ ജോലിഭാരം വളരെ കുറയുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റേഴ്സ്

**എൻ.എ. അലി** (ഒപ്പ്)

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2011-2012

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 1. | സംഭാവന | 12,83,488.00 | 1. | നികുതി | 31,615.00 |
| 2. | ലേലം | 3,39,820.00 | 2. | വിദ്യാഭ്യാസ സഹായം | 1,62,150.00 |
| 3. | ഭണ്ഡാരം | 23,37,709.00 | 3. | പുരപണി സഹായം | 83,000.00 |
| 4. | മഖ്ബറ | 15,00,131.00 | 4. | ചെക്ക് കമ്മീഷൻ | 700.00 |
| 5. | വരിസംഖ്യ | 34,235.00 | 5. | മസ്ജിദ് പേരിൽ | 18,05,716.00 |
| 6. | വിവാഹഫോറം | 1,350.00 | 6. | ഇലക്ട്രിസിറ്റി | 1,22,062.00 |
| 7. | വിവാഹഫീസ് | 4,500.00 | 7. | വിവാഹ സഹായം | 1,45,000.00 |
| 8. | മെമ്പർഷിപ്പ് ഫീസ് | 450.00 | 8. | മദ്രസ്സകൾക്ക് നൽകിയ ഗ്രാന്റ് | 1,21,500.00 |
| 9. | സർട്ടിഫിക്കറ്റ് ഫീസ് | 955.00 | 9. | ശമ്പളം | 19,41,905.00 |
| 10. | വാടക | 8,38,100.00 | 10. | വാടക കെട്ടിടം മെയിന്റനൻസ് | 55,954.00 |
| 11. | വെളിച്ചെണ്ണ വിറ്റുവരവ് | 2,34,343.00 | 11. | റംസാൻ അലവൻസ് | 1,48,900.00 |
| 12. | പറമ്പിൽ നിന്നുള്ള വരവ് | 3,525.00 | 12. | പറമ്പ് പേരിൽ | 5,885.00 |
| 13. | മരണാനന്തര സഹായ ഫണ്ട് | 1,84,630.00 | 13. | മരണാനന്തര സഹായഫണ്ട് | 2,12,907.00 |
| 14. | പൊതുതാൽപര്യഫണ്ട് | 40,652.00 | 14. | മഹല്ല് അംഗങ്ങള്ളാത്തവർക്കുള്ള സഹായം | 47,500.00 |
| 15. | ക്വാഷൻ ഡെപ്പോസിറ്റ് | 95,000.00 | 15. | ക്വാഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 1,35,000.00 |
| 16. | ചരിത്ര പുസ്തകം വിൽപന | 43,880.00 | 16. | ചരിത്ര പുസ്തകം പ്രിന്റിംഗ് | 1,60,680.00 |
| 17. | റാത്തീബ് | 37,270.00 | 17. | റാത്തീബ് | 17,147.00 |
| 18. | കോട്ടപ്പുറം മദ്രസ്സ | 2,300.00 | 18. | കോട്ടപ്പുറം മസ്ജിദ് & മദ്രസ്സ | 4,31,170.00 |
| 19. | അഞ്ചപ്പാലം മദ്രസ്സ | 5,092.00 | 19. | അഞ്ചപ്പാലം മദ്രസ്സ | 1,83,494.00 |
| 20. | വി.പി. തുരുത്ത് മദ്രസ്സ | 3,792.00 | 20. | വി.പി. തുരുത്ത് മദ്രസ്സ | 33,639.00 |
| 21. | ലോൺ തിരിച്ചടവ് | 97,500.00 | 21. | ജീവനക്കാർക്ക് നൽകിയ ലോൺ | 1,20,000.00 |
| 22. | നോമ്പ്തുറക്കൽ | 5,44,266.00 | 22. | നോമ്പ് തുറക്കൽ | 5,60,708.00 |
| 23. | വുളുഹിയത്ത് റീ ഫണ്ട് | 2,90,000.00 | 23. | വുളുഹിയത്ത് അഡ്വാൻസ് | 2,90,000.00 |
| 24. | വിദേശ കറൻസി മാറിയത് | 36,570.00 | 24. | നബിദിനാഘോഷം | 32,143.00 |
| 25. | സ്വർണ്ണം വിറ്റുവരവ് | 83,924.00 | 25. | മെസ്സ് | 1,76,697.00 |
| 26. | വിവാഹ സെസ്സ് | 71,500.00 | 26. | വിവാഹ സെസ്സ്, സമൂഹവിവാഹ ഫണ്ടിലേക്ക് | 71,500.00 |
| 27. | വിശ്രമകേന്ദ്രം | 1,52,721.00 | 27. | വിശ്രമകേന്ദ്രം | 1,12,082.00 |
| 28. | സർക്കാരിൽനിന്നുള്ള മദ്രസ്സ ഗ്രാന്റ് | 12,11,000.00 | 28. | മദ്രസ്സ ട്യൂഷൻ | 5,56,500.00 |
| 29. | ടോയ്‌ലറ്റ് ബ്ലോക്ക് | 5,84,572.00 | 29. | ടോയ്‌ലറ്റ് നിർമ്മാണം | 1,82,385.00 |
| | | | 30. | കടുക്കച്ചുവട് മദ്രസ്സ | 11,887.00 |
| | | | 31. | ലോകമലേശ്വരം മദ്രസ്സ | 18,448.00 |
| | | | 32. | ടി.കെ.എസ്. പുരം മദ്രസ്സ | 21,081.00 |
| | | | 33. | വി.ഐ.പി. സന്ദർശനം | 6,291.00 |
| | | | 34. | ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സംഭാവന | 6,000.00 |

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2011-2012

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| | | | 35. | ചികിത്സാ സഹായം | 1,38,250.00 |
| | | | 36. | വഖ്ഫ് ബോർഡ് വിഹിതം | 1,04,172.00 |
| | | | 37. | പൊതുയോഗം | 42,474.00 |
| | | | 38. | യാത്രാ ചിലവ് | 9,545.00 |
| | | | 39. | സൗജന്യ മെഡിക്കൽ ക്ലിനിക് | 12,002.00 |
| | | | 40. | ടെലഫോൺ | 15,749.00 |
| | | | 41. | പെയിന്റിംഗ് | 69,074.00 |
| | | | 42. | പെൻഷൻ പദ്ധതി | 1,25,400.00 |
| | | | 43. | പത്രം | 10,867.00 |
| | | | 44. | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | 76,413.00 |
| | | | 45. | ചുറ്റുമതിൽ നിർമ്മാണം | 3,58,995.00 |
| | | | 46. | ലൈബ്രറി | 5,145.00 |
| | | | 47. | ഹെറിറ്റേജ് മസ്ജിദ് നിർമ്മാണം | 44,690.00 |
| | | | | | |
| | | | | | |
| | ആകെ വരവ് | 1,00,63,275.00 | | ആകെ ചെലവ് | 90,24,422.00 |
| | Opening Cash Balance 01-04-11 | 3,955.00 | | Closing Cash Balance 31-03-12 | 1,891.00 |
| | Opening Bank Balance 01-04-11 | 1,28,436.00 | | Closing Bank Balance 31-03-12 | 11,69,353.00 |
| | | 1,01,95,666.00 | | | 1,01,95,666.00 |

# CHERAMAN JUMA MASJID, KODUNGALLUR

Bank Report as on 31.03.2012

| S.L. No. | Bank Name | Account No. | Amount |
|---|---|---|---|
| 1. | Town Co-operative Bank Evening Branch | 1654 | 2,038.00 |
| 2. | Indian Bank | 7504 | 2,674.00 |
| 3. | HDFC, Lokamaleswaram | 12793 | 96,104.00 |
| 4. | Methala Service Bank | 2766 | 5,75,273.00 |
| 5. | Canara Bank | 25221 | 4,416.00 |
| 6 . | HDFC, Kottappuram | 15441770000010 | 11,545.00 |
| 7 . | Federal Bank | 108992 | 4,77,303.00 |
| | **Total** | | **11,69,353.00** |

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വുളുഹിയത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2011-2012

| | | | |
|---|---|---|---|
| ഷെയർ വിഹിതം | 5,02,170.00 | 22 മൃഗങ്ങളുടെ വില | 3,76,700.00 |
| എല്ല് തുകൽ വില്പന | 17,560.00 | വാഹനവാടക, യാത്ര | 10,200.00 |
| മുൻബാലൻസ് | 104.40 | പ്രിന്റിംഗ് & പോസ്റ്റേജ് | 2,500.00 |
| മസ്ജിദ് ഫണ്ടിൽ നിന്നും അഡ്വാൻസ് | 2,90,000.00 | കയർ, വൈക്കോൽ, തവിട്, എണ്ണ | 47,439.00 |
| 2 മൃഗങ്ങളെ വിൽപ്പന നടത്തിയ വകയിൽ | 23,000.00 | മൃഗപരിപാലനം, ഡോക്ടർ ഫീസ്, മരുന്ന് | 14,478.00 |
| | | അറവ് കൂലി | 45,250.00 |
| | | പാക്കിങ്ങ്, തൂക്കം പിടിക്കൽ | 6,400.00 |
| | | വിതരണം, ഓട്ടോ | 7,550.00 |
| | | എല്ല്, തുകൽ വില്പന സംഖ്യ,<br>സമൂഹ വിവാഹ ഫണ്ടിലേക്ക് നൽകിയത് | 17,560.00 |
| | | വേസ്റ്റ്, കുഴിയെടുക്കൽ, ക്ലീനിംഗ് | 9,600.00 |
| | | മഹല്ല് ഫണ്ടിലേക്ക് തിരിച്ചടവ് | 2,90,000.00 |
| | | ജോലിക്കാരുടെ ഭക്ഷണം, കിറ്റ്, പന്തൽ | 4,924.00 |
| | | നീക്കിയിരിപ്പ് | 233.40 |
| **ആകെ** | **8,32,834.40** | **ആകെ** | **8,32,834.40** |

## സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2011-2012

| | | | |
|---|---|---|---|
| രശീതി പ്രകാരം | 2,36,846.00 | സക്കാത്ത് വിതരണം 655 x 200 | 1,31,000.00 |
| | | സമൂഹ വിവാഹഫണ്ടിലേക്ക് നൽകിയത് | 1,05,846.00 |
| | | | |
| **ആകെ** | **2,36,846.00** | **ആകെ** | **2,36,846.00** |

## ഫിത്തർ സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2011-2012

| | | | |
|---|---|---|---|
| രശീതി പ്രകാരം വരവ് | 99,610.00 | അരി വില 4440 x 20.30 ക. | 90,132.00 |
| ചാക്ക് വിൽപ്പന | 160.00 | അരി ഇറക്കിയ കൂലി, വാഹന വാടക | 1,617.00 |
| മുൻ ബാലൻസ് | 32.00 | കിറ്റ് | 1,664.00 |
| | | വിതരണക്കൂലി, ഓട്ടോ | 6,325.00 |
| | | നീക്കിയിരിപ്പ് സംഖ്യ | 64.00 |
| | | | |
| **ആകെ** | **99,802.00** | **ആകെ** | **99,802.00** |

## സമൂഹ വിവാഹം വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2011-2012

| | | | |
|---|---|---|---|
| ബക്കറ്റ് കളക്ഷൻ | 2,01,665.00 | 15 കുട്ടികളുടെ വിവാഹത്തിനുള്ള സ്വർണ്ണം | |
| സംഭാവന | 16,03,751.00 | ക്യാഷ് എന്നിവ നൽകിയത് | 9,92,850.00 |
| സക്കാത്ത് ഫണ്ടിൽ നിന്നുള്ള വരവ് | 1,05,846.00 | ബാലൻസ് | 10,28,552.00 |
| എല്ല് തുകൽ വില്പനയിൽ വരവ് | 17,560.00 | | |
| വിവാഹ സെസ്സ് | 71,500.00 | | |
| മുൻ ബാലൻസ് ബാങ്ക് നിക്ഷേപം | 21,080.00 | | |
| **ആകെ** | **20,21,402.00** | **ആകെ** | **20,21,402.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)  **എൻ.എ. അലി** (ഒപ്പ്)

| ബഡ്ജറ്റ് വിശകലനം 2011 – 2012 | | | | | | ബഡ്ജറ്റ് 2012 – 2013 | |
|---|---|---|---|---|---|---|---|
| | ഇനം | പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | പ്രതീക്ഷിക്കുന്ന വരവ് | പ്രതീക്ഷിക്കുന്ന ചെലവ് |
| 1 | സംഭാവന | 13,00,000 | 12,73,306 | | | 14,00,000 | |
| 2 | ഭണ്ഡാരം | 20,00,000 | 23,37,709 | | | 24,00,000 | |
| 3 | മഖ്ബറ | 14,50,000 | 15,00,131 | | | 15,00,000 | |
| 4 | ലേലം | 2,50,000 | 3,39,820 | | | 3,00,000 | |
| 5 | വെളിച്ചെണ്ണ വിറ്റ് വരവ് | 2,50,000 | 2,34,343 | | | 2,50,000 | |
| 6 | പറമ്പ് | 10,000 | 3,525 | | | 5,000 | |
| 7 | നോമ്പ്തുറക്കൽ | 3,50,000 | 4,44,266 | 3,50,000 | 5,60,708 | 5,50,000 | 5,50,000 |
| 8 | വാടക | 6,90,000 | 8,33,600 | | | 8,50,000 | |
| 9 | വരിസംഖ്യ | 25,000 | 34,235 | | | 30,000 | |
| 10 | വിവാഹഫീസ് | 5,000 | 4,500 | | | 5,000 | |
| 11 | മെമ്പർഷിപ്പ് ഫീസ് | 5,00 | 450 | | | 5,00 | |
| 12 | ലൈബ്രറി | 1,000 | | 1,00,000 | | | 1,00,000 |
| 13 | വിവാഹഫോറം | 1,100 | 1,350 | | | 1,100 | |
| 14 | സർഫിക്കറ്റ് ഫീസ് | 1,000 | 955 | | | 1,000 | |
| 15 | റാത്തീബ് | 25,000 | 37,270 | 25,000 | 17,147 | 25,000 | 25,000 |
| 16 | പൊതുതാല്പര്യഫണ്ട് | 25,000 | 40,652 | | | 25,000 | |
| 17 | മദ്രസ്സകൾ | | | 2,00,000 | 6,99,719 | | 2,00,000 |
| 18 | മസ്ജിദ് | | | 3,50,000 | 18,05,716 | | 5,00,000 |
| 19 | ശമ്പളം, അലവൻസ് | | | 18,00,000 | 20,90,805 | | 21,00,000 |
| 20 | ഇലക്ട്രിസിറ്റി | | | 1,40,000 | 1,22,062 | | 1,40,000 |
| 21 | ടെലഫോൺ | | | 20,000 | 15,749 | | 20,000 |
| 22 | യാത്ര | | | 15,000 | 9,545 | | 15,000 |
| 23 | മദ്രസ്സ ഗ്രാന്റ് | | | 70,000 | 1,21,500 | | 1,25,000 |
| 24 | ചികിത്സാ സഹായം | | | 1,50,000 | 1,38,250 | | 1,50,000 |
| 25 | വിവാഹ സഹായം | | | 1,50,000 | 1,45,000 | | 1,50,000 |
| 26 | പുരപണി സഹായം | | | 1,00,000 | 83,000 | | 1,00,000 |
| 27 | കൊമേഴ്സ്യൽ കോംപ്ലക്സ് | | | | | | 15,00,000 |
| 28 | പഠന സഹായം | | | 2,00,000 | 1,62,150 | | 2,00,000 |
| 29 | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | | | 1,00,000 | 76,413 | | 1,00,000 |
| 30 | മെസ്സ് | | | 1,75,000 | 1,76,697 | | 1,80,000 |
| 31 | നബിദിനാഘോഷം | | | 50,000 | 32,143 | | 50,000 |
| 32 | മഹല്ല് തെരഞ്ഞെടുപ്പ് | | | | | | 25,000 |
| 33. | മഹല്ല് പൊതുയോഗം | | | 30,000 | 42,474 | | 45,000 |
| 34. | കേരള വഖഫ് ബോർഡ് | | | 1,00,000 | 1,04,172 | | 1,25,000 |
| 35 | നികുതി | | | 35,000 | 31,615 | | 50,000 |
| 36 | ചെക്ക് കമ്മീഷൻ | | | 600 | 420 | | 600 |
| 37 | മരണാനന്തര സഹായഫണ്ട് | 2,50,000 | 1,84,630 | 2,50,000 | 2,12,907 | 2,50,000 | 2,50,000 |
| 38 | പത്രം | | | 10,000 | 10,867 | | 10,000 |
| 39 | ചരിത്രപുസ്തകം | | 43,880 | | | 50,000 | 1,00,000 |
| 40 | വിശ്രമകേന്ദ്രം | 1,25,000 | 1,52,721 | 2,00,000 | 1,12,082 | 1,50,000 | 2,00,000 |
| 41 | മഹല്ലംഗങ്ങൾക്കല്ലാത്ത സഹായം | | | 25,000 | 47,500 | | 50,000 |
| 42 | സൗജന്യ മെഡിക്കൽ ക്ലിനിക്ക് | | | 50,000 | 12,002 | | 50,000 |
| 43. | അടിസ്ഥാന വികസനം | | | | | | |
| | ചുറ്റുമതിൽ, മോടിപിടിപ്പിക്കൽ | | | 15,00,000 | 3,58,995 | | 5,00,000 |
| 44 | മദ്രസ്സ ട്യൂഷൻ | | | | | 7,00,000 | 4,00,000 |
| 45. | ബിൽഡിംഗ് മെയിന്റനൻസ് | | | | | | 1,00,000 |
| 46. | പെൻഷൻ | | | | | | 1,50,000 |
| 45 | കരുതൽ സംഖ്യ | | | | | | 2,32,000 |
| | **ആകെ** | | | | | 84,92,600 | 84,92,600 |

# അറിയിപ്പ്

1. മഹല്ലിന്റെ വിദ്യാഭ്യാസ അവാർഡുകൾ കഴിഞ്ഞ വർഷത്തേതു പോലെ ഇഫ്ത്വാർ വിരുന്നിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി, തുടങ്ങിയ കോഴ്സുകളിൽ മഹല്ലിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ വിദ്യാഭ്യാസ അവാർഡിനായുള്ള അപേക്ഷകളും, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾപ്പെടെ റമളാൻ 1 മുതൽ 10 വരെയുള്ള തിയ്യതികൾക്കുള്ളിൽ മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്.

2. എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് മഹല്ല് കമ്മറ്റി നൽകി വരുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ 15-07-2012 ന് മുമ്പ് മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷകർ അവസാനമെഴുതിയ പൊതു പരീക്ഷയുടെ മാർക്ക് ലിസ്റ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷകളിൽ കമ്മറ്റി മെമ്പറുടെ റിപ്പോർട്ടും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

3. മഹല്ലിന്റെ സൗജന്യ സ്കൂൾ ട്യൂഷൻ 05-05-2012 മുതൽ ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് ട്യൂഷൻ ക്ലാസ്സിൽ വരുന്നതിനുള്ള വാഹന സൗകര്യവും കമ്മറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. താല്പര്യമുള്ള രക്ഷിതാക്കൾ മഹല്ല് കമ്മറ്റി ഓഫീസുമായി ബന്ധപ്പെട്ട് കുട്ടികളെ ക്ലാസ്സിലെത്തിക്കേണ്ടതാണ്.

4. മഹല്ല് പൊതുയോഗ തീരുമാനപ്രകാരമുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും മ്യൂസിയം ഹാളിൽ നടന്നു വരുന്നുണ്ട്. 3 ക്ലാസുകളിലെങ്കിലും പങ്കെടുക്കാത്തവർക്ക് വിവാഹഫോറം, നൽകേണ്ടതില്ലെന്ന് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർ ക്ലാസുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

*"നിശ്ചയമായും സത്യവിശ്വാസം കൈക്കൊണ്ടവരും, യഹൂദന്മാരും, ക്രിസ്ത്യാനികളും, സാബികളും ആരെല്ലാം അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവർക്ക് അവരുടെ പ്രതിഫലം അവരുടെ രക്ഷിതാവിങ്കലുണ്ട്. അവരിൽ ഭയം ഉണ്ടാകുന്നില്ല. അവർ ദുഃഖിക്കുകയുമില്ല."*

**(വിശുദ്ധ ഖുർആൻ 2:62)**

PRINTED MATTER

BOOK POST

കൈകാര്യകർത്താക്കൾ
ചേരമാൻ ജുമാ മസ്ജിദ്
മഹല്ല് കമ്മിറ്റി

To,

പേര്.............................................................

.....................................................................

.....................................................................











# CHERAMAN JUMA MASJID

(THE FIRST MASJID IN INDIA)


Kodungallur - 680 664, Thrissur Dt., Kerala, India
Tel: +91480 2803170.

Website : www.cheramanmosque.com,
www.cheramanjumamasjid.com
E-Mail: info@cheramanmosque.com,
cheramanmasjid@gmail.com


Excel Offset, Kdlr. : 9846188850